സന്ദർശിക്കുക
www.kssp.in
www.wiki.kssp.in
www.luca.co.in
http://parishadvartha.in
facebook.com/ksspexecutive

# പരിഷദ് വാർത്ത

ശാസ്ത്രം സാമൂഹ്യ വിപ്ലവത്തിന്

വാല്യം 17
ലക്കം 08
ഒറ്റപ്രതി 2.50 രൂപ
വരിസംഖ്യ 50 രൂപ

2017 ഏപ്രിൽ 15 - 30

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പ്രസിദ്ധീകരണം

parishadvartha@gmail.com


**54-ാം സംസ്ഥാന സമ്മേളനം**

## സംസ്ഥാന കൈത്തറി വികസന സെമിനാർ

**പ്രതിദിന വരുമാനം 164 രൂപ മാത്രം. 40 വയസ്സിനു താഴെ പ്രായമുള്ളവർ 14%. 50 വയസ്സിനു മുകളിൽ 67%.**
**തലമുറ കൈമാറ്റ നിർദേശവുമായി സെമിനാർ**




സെമിനാർ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യുന്നു

കാഞ്ഞിരോട് : ശാസ്ത്ര സാഹിത്യ പരിഷത്ത് 54-ാമത് സംസ്ഥാന വാർഷിക സമ്മേളനത്തിന്റെ അനുബന്ധ പരിപാടിയായി സംസ്ഥാന കൈത്തറി വികസന സെമിനാർ കണ്ണൂർ കാഞ്ഞിരോട് വിവേഴ്സ് സൊസൈറ്റി ഹാളിൽ സംഘടിപ്പിച്ചു. കൈത്തറി മേഖലയെ പുതു തലമുറ കൈമാറ്റത്തിന് സമഗ്ര നിർദേശം സെമിനാറിൽ സമർപ്പിച്ചു. കൈത്തറി സഹകരണ സംഘങ്ങളിൽ മാനേജ്മെന്റ് സംവിധാനം പരിശീലനത്തിലൂടെ പരിഷ്കരിച്ച് ആധുനിക കാലഘട്ടങ്ങളിലെ വെല്ലുവിളികൾ ഏറ്റെടുക്കുവാൻ സജ്ജമാക്കണം. ഈ പരിശീലന പരിപാടിക്ക് ഹൃസ്വകാല കോഴ്സുകൾ ഇൻഡ്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് കൈത്തറി കണ്ണൂർ എന്ന സ്ഥാപനം മാതൃകയിൽ ഉയർത്തണം. കൈത്തറി സഹകരണ സംഘം മാനേജ്മെന്റുകൾ, സ്വകാര്യ സംരംഭകരും പരിശീലന പരിപാടിയിലൂടെ കടന്ന് വന്ന് വെല്ലുവിളികൾ നേരിടുവാൻ പ്രാപ്തമാകണം. ഇപ്പോൾ കൈത്തറി മേഖലയിൽ 40 വയസ്സിനു താഴെ 14% പേരും 50 വയസ്സിനു മുകളിൽ 67% പേരുമാണ് പ്രവർത്തിക്കുന്നത്. ഈ അനുപാതം 50 : 50 ആയി ഉയർത്തണം. ഇതിനായി പുതു തലമുറകളെ ആകർഷിക്കുന്ന പദവി നൽകണം. ഇപ്പോൾ 164 രൂപയാണ് 6 മീറ്റർ വരെ നെയ്താൽ ലഭ്യമാകുന്നത്. ഇത് 12 മീറ്റർ വരെ ഉയർത്തിയാലും 300 രൂപ വരെയെ പരമാവധി ലഭിക്കുകയുള്ളൂ. കൂടിയാട്ടം, കഥകളി പോലുള്ള കലാരൂപങ്ങൾക്കുള്ള സാർവ്വദേശീയ പരിഗണന പാരമ്പര്യ കലയായി പരിഗണിച്ച് കൈത്തറിക്കും നല്കണം. കൂലിയും ഉയർത്തണം. ഇതിന് അനുസരിച്ചുള്ള പ്രസ്റ്റീജ് മൂല്യം സർക്കാർ വഹിക്കണം. കൈത്തറി സ്വകാര്യ സംരംഭകരെയും പരിഗണിക്കണം. വിവിധ ഉൽപന്നങ്ങൾ തരംതിരിച്ച് ഉത്പന്ന വിലയും ഏറ്റവും കുറഞ്ഞ കൂലിയും നിശ്ചയിക്കണം. ആകർഷകമായ വൃത്തിയും വെടിപ്പുമുള്ള ഒരു വ്യവസായമായി കൈത്തറി മേഖലയെ മാറ്റണം. തൊഴിലാളികൾക്ക് യൂണിഫോം, ക്രഷേ സൗകര്യങ്ങൾ, റിഫ്രഷ്മെന്റ് സൗകര്യങ്ങൾ തറികളുടെ കാലോചിത പരിഷ്കരണം, ഗവേഷണം എന്നിവ ഉണ്ടാകണം. കേരളത്തിൽ 755 കൈത്തറി സംഘങ്ങളിൽ 433 മാത്രമാണ് പ്രവർത്തിക്കുന്നത്. ഇതിൽ തന്നെ 2 തറികൾ മുതൽ 232 തറികൾ വരെയുള്ള സംഘങ്ങൾ ഉണ്ട്. ചുരുങ്ങിയത് 100 തറികൾ ഉള്ള സഹകരണസംഘം ഫാക്ടറി അടിസ്ഥാനത്തിൽ പ്രവർത്തിക്കണം. കള്ളസംഘങ്ങളെ പുറത്തുകൊണ്ടുവരണം. പ്രവർത്തിക്കുന്ന കൈത്തറി സംഘങ്ങൾക്ക് മാത്രം റിബേറ്റ് അനുവദിക്കുക, ഇതിനായി കൈത്തറി ഡയറക്ടറേറ്റ് രൂപീകരിക്കുക, പ്രൊജക്റ്റ് ഏറ്റെടുക്കുന്ന സംഘങ്ങൾക്ക് ബഡ്ജറ്റ് വിഹിതം പ്രകാരം 200 കോടി രൂപ ഡയറക്ടറേറ്റിന് നീക്കിവെച്ച പലിശരഹിത പദ്ധതി ആശയം രൂപപ്പെടുത്തുക തുടങ്ങിയ നിർദേശങ്ങൾ ഉയർന്നു. കൈത്തറി മേഖലയിൽ ഇക്കോ ലേബലിംഗ് സംവിധാനം രൂപപ്പെടുത്തണം. കേരള ജനതയുടെ പ്രതിവർഷ തുണി ഉപയോഗം 70 കോടി മീറ്റർ ആണ്. കൈത്തറിയുടെ വിഹിതം 13 കോടി മീറ്റർ മാത്രമാണ്. ഇത് ഉയർത്തണം. കൈത്തറി വസ്ത്രങ്ങൾക്ക് ഇക്കോ ലേബലിംഗ് നൽകുന്നതോടുകൂടി ഇത് ഉയർത്തുവാൻ കഴിയും. കെട്ടിട നിർമാണങ്ങളുടെ ഫർണിഷിംഗിന് കേരള കൈത്തറി നിർബന്ധമാക്കണം. പരമ്പരാഗത വ്യവസായം നിലനിർത്തേണ്ടത് ഉത്തരവാദപ്പെട്ട പൗരസമൂഹത്തിന്റെ കടമയായി മാറണം. ഒരു വീട്ടിൽ ഒരു തറി എന്ന കാഴ്ചപ്പാട് കേരള ഭവനത്തിന്റെ അന്തസ്സായി ഘട്ടം ഘട്ടമായി മാറ്റികൊണ്ടുവരണം. സർവ്വീസ് പെൻഷൻ കാലം തറികളിൽ വിനിയോഗിച്ച് ആരോഗ്യം വീണ്ടെടുക്കാം. സെമിനാർ ആശയങ്ങൾ ക്രോഡീകരിച്ച് സർക്കാറിന് സമർപ്പിക്കും. ഇതിനായി കേരള ശാസ്ത്ര സാഹിത്യ പരിഷത്തും ഇൻഡ്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് കൈത്തറിയും ചേർന്ന് പദ്ധതികൾ സഹകരണ സംഘങ്ങളിലും ട്രെയിഡ് യൂണിയനുകൾക്കകത്തും വിപുലമായ ചർച്ചയ്ക്കു വിധേയമാക്കും.

സെമിനാർ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സഹകരണസംഘം പ്രതിനിധികൾ പങ്കെടുത്തു. മുണ്ടേരി ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് എ. പങ്കജാക്ഷൻ അധ്യക്ഷനായി. കാഞ്ഞിരോട് വിവേഴ്സ് പ്രസിഡണ്ട് കെ. രമേശൻ സ്വഗതം പറഞ്ഞു. ആമുഖ അവതരണം പി.പി. ബാബു കരക്കാട്ട് നടത്തി. പി. ബാലൻ പ്രസിഡണ്ട് കണ്ണൂർ ജില്ലാ കൈത്തറി വ്യവസായ സംഘം അസോസിയേഷൻ, കെ. വിനോദ് കുമാർ എന്നിവർ ആശംസകൾ അർപ്പിച്ചു. സി. ലത നന്ദി രേഖപ്പെടുത്തി.

അക്കാദമിക് സെഷനിൽ പരിഷത്ത് കേന്ദ്ര നിർവാഹകസമിതി അംഗം പ്രൊഫ. കെ. ബാലൻ മോഡറേറ്ററായിരുന്നു. ആൾ ഇന്ത്യാ കൈത്തറി ഇൻസ്റ്റിറ്റ്യൂട്ട് മാനേജിംഗ് ഡയറക്ടർ കാണി ചന്ദ്രൻ, സന്തോഷ് കെ.വി, സെക്രട്ടറി കൈത്തറി സഹകരണ സംഘം അസോസിയേഷൻ, കെ.സുരേന്ദ്രൻ ജനറൽ സെക്രട്ടറി INTUC കേന്ദ്ര കോർഡിനേഷൻ, കാണി കൃഷ്ണൻ CITU, താവം ബാലകൃഷ്ണൻ AITUC, സി. ജയചന്ദ്രൻ സെക്രട്ടറി കേരള ടെക്സ്റ്റയിൽസ് എക്സ്പോർട്ട് ഓർഗനൈസേഷൻ, കെ.വി. സാബു സെക്രട്ടറി കോഴിക്കോട് കൈത്തറി സഹകരണ സംഘം യൂണിയൻ, കെ.പി. ഗിരീഷ്, ഒ.സി. ബേബിലത എന്നിവർ പ്രസംഗിച്ചു. അഡ്വ. എം. പ്രഭാകരൻ നന്ദി പറഞ്ഞു

**ഗ്രാമപത്രം**

- **സ്കൂളുകളിൽ മലയാളം നിർബന്ധം**
- **ഭരണഭാഷ മലയാളത്തിൽ**
- **ഇനി പഠനഭാഷയും കോടതിഭാഷയും മലയാളത്തിലാകട്ടെ**

# 54-ാം സംസ്ഥാന സമ്മേളനം

## ആഗോള പ്രവാസി മലയാളി സംഗമം

### പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ കേരള സമൂഹം ഉടൻ ഏറ്റെടുക്കണം.

കൂത്തുപറമ്പ് : പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ നിരവധിയാണ്. എല്ലാ ജൈവ വൈവിധ്യങ്ങളുടെയും കൃത്യമായ കണക്ക് ഗവൺമെന്റിന്റെ കൈവശമുള്ളപ്പോൾ പ്രവാസികളുടെ കൃത്യമായ കണക്ക് ഇപ്പോഴും അധികാരികളുടെ കൈവശം ഇല്ല. പ്രവാസികളിൽനിന്ന് ഇന്ത്യയിലെത്തുന്ന പണം 70 ബില്ല്യൺ ഡോളറാണ്. ഇത് മൊത്തം ജി.ഡി.പി യേക്കാൾ കൂടുതലാണ്. ഈ ധനത്തിന് ആനുപാതികമായി പ്രവാസികളുടെ പുനരധിവാസത്തിനും ക്ഷേമപദ്ധതി കൾക്കോ ആയി കേന്ദ്ര ഗവണ്മെന്റ് ബഡ്ജറ്റിൽ നീക്കിവെച്ചിട്ടില്ല. മറിച്ച് പ്രവാസി കാര്യ വകുപ്പ് പിരിച്ചു വിടുകയാണ് ചെയ്തത്. കേരളത്തിൽ ഒരു വർഷം ഒരു ലക്ഷത്തി ഇരുപതിനായിരം കോടി എത്തുന്നുണ്ട്. കേരളത്തിന്റെ സാമ്പത്തിക നിലനില്പ് തന്നെ ഇതിന്റെ അടിസ്ഥാനത്തിലാണ്. ഇത് കേരളത്തിന്റെ അടിസ്ഥാന വികസനത്തിന് ഉപയോഗപ്പെടുത്തുവാൻ കേരള ബാങ്കിന്റെ സാധ്യത ചർച്ച ചെയ്യണം. പ്രവാസികളുടെ കൂട്ടത്തോടെ തിരിച്ചു വരവിനെ ഈ ബാങ്കിന് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. പ്രവാസികളുടെ സംരംഭത്തിന് കുടുംബശ്രീ മാതൃകയിൽ പലിശരഹിത സംരംഭങ്ങൾ തുടങ്ങണം. NRE ഡപ്പോസിറ്റ് പലിശ നിരക്ക് വർധിപ്പിച്ച് 2% വികസന ഫണ്ടായി മാറ്റി സംരംഭകർക്ക് ആവശ്യമായ വായ്പ കുറഞ്ഞ പലിശക്ക് നൽകുവാൻ കഴിയും. വിദേശത്ത് പോകുന്നവരുടെ സുരക്ഷിതത്വം ഉറപ്പാക്കുവാനുള്ള ഫലപ്രദമായ ഒരു ഓൺലൈൻ ട്രാക്കിംഗ് സിസ്റ്റം സുതാര്യമായി സംഘടിപ്പിക്കണം. ആഗോള മലയാളി അസംബ്ലി കേരള ഗവണ്മെന്റ് വിളിച്ച് ചേർത്ത് പ്രവാസ പ്രശ്നങ്ങൾ ചർച്ച ചെയ്യണം. ഇത് വേൾഡ് സോഷ്യൽ ഫോറം മാതൃകയിൽ ആകണം.



പ്ലാനിങ്ങ് ബോർഡ് മെമ്പർ ഡോ.ഹരിലാൽ കെ.എൻ സെമിനാർ ഉദ്ഘാടനം ചെയ്യുന്നു

എമിഗ്രേഷൻ വകുപ്പിന്റെ കൈയിൽ പ്രവാസി ക്ഷേമത്തിനായി സ്വരൂപിച്ച മുപ്പതിനായിരം കോടിരൂപ നിക്ഷേപം ഉണ്ട്. ഇത് ഫലപ്രദമായി ഉപയോഗിക്കണം. പ്രവാസികൾക്ക് ആവിഷ്കരിക്കുന്ന പദ്ധതികൾ പ്രവാസികൾ ആർജിച്ച തൊഴിലിന് അനുസരിച്ചായിരിക്കണം. മാലിന്യ സംസ്കരണം, ആരോഗ്യം, ബയോഗ്യാസ്, ഇക്കോ ടൂറിസം മേഖലകളിൽ പദ്ധതി ഉണ്ടാകണം. നോർക്കാ റൂട്ടിസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം, മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലെ എംബസികളിൽ മലയാളി ഉദ്യോഗസ്ഥന്മാരെ നിയമിക്കണം, പ്രതിവർഷം 20,000 കോടി രൂപ മറുനാടൻ മലയാളികൾ കേരളത്തിൽ നിന്നും കൊണ്ടുപോകുന്നുണ്ട്. കേരള ഗവൺമെന്റിന്റെ സേവനങ്ങൾ ഇവർ പ്രയോജനപ്പെടുത്തുന്നുമുണ്ട്. ഇവരിൽ നിന്നും നികുതികൾ സ്വരൂപിക്കാം. പ്രവാസി സ്ത്രീ സുരക്ഷ, തൊഴിൽ കടത്ത് എന്നിവയിൽ ജാഗ്രത വേണം. പ്രവാസികളുടെ വിദ്യാഭ്യാസം, അരക്ഷിതാവസ്ഥ വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുക്കണം. പ്രവാസികളുടെ ജനാധിപത്യ അവകാശവും ഗ്രാമസഭ, പഞ്ചായത്ത് സംവിധാനം, നിയമസഭാ പങ്കാളിത്തം എന്നിവ ഉറപ്പു വരുത്തണം, കപ്പൽ ജീവനക്കാരെ പ്രവാസികളായി പരിഗണിക്കണം, സമഗ്ര കുടിയേറ്റ നിയമം പാർലമെന്റ് പാസ്സാക്കണം.

പ്ലാനിങ്ങ് ബോർഡ് മെമ്പർ ഡോ. കെ.എൻ. ഹരിലാൽ സെമിനാർ ഉദ്ഘാടനം ചെയ്തു. പ്രവാസികളും ജനാധിപത്യ അവകാശങ്ങളും എന്ന വിഷയത്തിൽ പ്രബന്ധാവതരണം നടത്തി. കൂത്തുപറമ്പ് നഗരസഭാ ചെയർമാൻ എം.സുകുമാരൻ അധ്യക്ഷനായി. ജനറൽ കൺവീനർ വി.പി. തങ്കച്ചൻ സ്വാഗതമാശംസിച്ചു. വിശിഷ്ടാഥിതികളെ കെ. ശാന്തമ്മ പരിചയപ്പെടുത്തി. പ്രവാസികളും ദേശീയതയുടെ പുനർ വായനയും എന്ന വിഷയത്തിൽ ഡോ. കെ.ഇ.എൻ.കുഞ്ഞഹമ്മദ് പ്രബന്ധം അവതരിപ്പിച്ചു. 27 പ്രബന്ധങ്ങളുടെ സമാഹരണം ഡോ.കെ.ഇ.എൻ പ്രകാശനം ചെയ്തു. തുറമുഖ - പുരാവസ്തു വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഗവൺമെന്റ് പദ്ധതികൾ വിശദീകരിച്ചു. പ്രവാസികളും കേരള വികസനവും. ഡോ. ഇരുദയ രാജൻ. എസ്, പ്രവാസി പുനരധിവാസ അടിസ്ഥാന പ്രശ്നങ്ങൾ പി.സെയ്താലിക്കുട്ടി (സെക്രട്ടറി കേരള പ്രവാസി സംഘം) അവതരിപ്പിച്ചു. മറുനാടൻ മലയാളി കെ.കെ പ്രകാശൻ, മുംബൈ ഇതര സംസ്ഥാന തൊഴിലാളികൾ ഡോ. ഡി. നാരായണ, സി.കെ. ഹസ്സൻകോയ, റഫീക് റാവുത്തർ, ഡോ.ശശികുമാർ, ഡോ. ബിജുലാൽ, എം. താഹ സൗദി അറേബ്യ, ഡോ.ഡി.കെ. മച്ചിങ്ങൽ ജർമ്മനി, കെ .ഭാസ്കരൻ ജനറൽ സെക്രട്ടറി സിമെൻ അസോസിയേഷൻ, ഡോ. സേതുമാധവൻ, ഡോ. സുഗത, ഡോ.ജാഫർ കെ.കെ, ഡോ.മുബാറക് സാനി, ഇ.ആർ രഞ്ജിത്ത് ബാബു, ഡോ.വിജു എം.വി എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

ഡോ.കെ.രാജേഷ്, സി.പി ഹരീന്ദ്രൻ, പി.പി ബാബു എന്നിവർ വിവിധ സെഷനുകളുടെ മോഡറേറ്റർമാരായിരുന്നു. നോർക്ക റൂട്ട്സ് ഡയറക്ടർ ഒ.വി.മുസ്തഫ സമാപന സമ്മേളനത്തിൽ പ്രസംഗിച്ചു. എം.ദിവാകരൻ, കെ.വി. വിനോദ് കുമാർ എന്നിവർ പ്രസംഗിച്ചു. പ്രകാശൻ പന്തക്ക നന്ദി രേഖപ്പെടുത്തി.

സമാപന പൊതു സമ്മേളനവും കലാപരിപാടികളും കൂത്തുപറമ്പ് ടൗൺ സ്ക്വയറിൽ നടന്നു. പ്രവാസികളുടെ കലാപരിപാടികൾ അരങ്ങേറി. കെ.വി.സുമേഷ് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, ഡോ.കെ. എൻ.ഹരിലാൽ, വൽസൻ പി, പി.പി. ദിവ്യ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട്, ഒ.വി. മുസ്തഫ ഡയറക്ടർ നോർക്ക എന്നിവർ പ്രസംഗിച്ചു. അഡ്വ. ആർ.സതീഷ് ബാബു നന്ദി പറഞ്ഞു. ടി. ഗംഗാധരൻ ആഗോള പ്രവാസി സമ്മേളന പ്രഖ്യാപനം നടത്തി.

## മൺറോത്തുരുത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങളിൽ സർക്കാർ ഇടപെടുക

### കൊല്ലം ജില്ലാസമ്മേളനം



കൊല്ലം ജില്ലാസമ്മേളനം ഡോ.ആർ.വി.ജി.മേനോൻ ഉദ്ഘാടനം ചെയ്യുന്നു

മൺറോതുരുത്ത്: മൺറോത്തുരുത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങളിലും അതുമൂലമുള്ള അവിടുത്തെ ജനങ്ങളുടെ ജീവിത ദുരിതങ്ങളിലും അടിയന്തിരമായി സർക്കാർ ഇടപെടണമെന്ന് കേരള ശാസ്ത്രസാഹിത്യപരിഷത്ത് കൊല്ലം ജില്ലാ സമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. ആയിരക്കണക്കിന് വർഷങ്ങളായി കല്ലടയാർ ഒഴുക്കിക്കൊണ്ടു വന്ന എക്കൽമണ്ണും മണലും ചേർന്ന് അഷ്ടമുടിക്കായലിൽ ഉണ്ടായ ഡെൽറ്റാ പ്രദേശമാണ് മൺറോത്തുരുത്തിലെ എഴുപത് ശതമാനവും. കല്ലട പദ്ധതി നിലവിൽ വന്നതോടെ ഈ പ്രക്രിയ അവസാനിക്കുകയും ചെറുതുരുത്തുകൾ നിറഞ്ഞ പ്രദേശങ്ങൾ ദുർബലമാവുകയും ചെയ്തു. 2004 ലെ സുനാമിയിൽ ഈ തുരുത്തുകളുടെ പാർശങ്ങളിൽനിന്നും വൻതോതിൽ എക്കലും മണലും കടലിലേക്ക് പോകുവാനിടയായതും തുരുത്തുകളെ വീണ്ടും ദുർബലപ്പെടുത്തി. അങ്ങനെ ഇവിടുത്തെ കൃഷി, തൊഴിൽ മേഖലകളാകെ തകരുകയും ജനങ്ങളുടെ ജീവിതം ദുരിതത്തിലാക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ ആളുകളെ ഒഴിഞ്ഞുപോകുവാൻ പ്രേരിപ്പിക്കാതെ തകർച്ചകൾ കണ്ടറിഞ്ഞ് പ്രശ്നങ്ങൾ പരിഹരിക്കുകയും ജനങ്ങളുടെ ജീവിത ദുരിതങ്ങൾ അകറ്റുകയുമാണ് സർക്കാർ ചെയ്യേണ്ടതെന്ന് പ്രമേയം ഓർമ്മിപ്പിച്ചു.

ഏപ്രിൽ ഒന്നിന് മൺട്രോത്തുരുത്ത് പെരിങ്ങാലം ഗവഃ ഹയർസെക്കൻഡറി സ്കൂളിൽ ജില്ലാ പ്രസിഡണ്ട് കെ.വി. വിജയന്റെ അധ്യക്ഷതയിൽ ആരംഭിച്ച സമ്മേളനം പ്രമുഖ പരിസ്ഥിതി പ്രവർത്തകനും പരിഷത്ത് മുൻ സംസ്ഥാന പ്രസിഡണ്ടുമായ ഡോ.ആർ. വി.ജി.മേനോൻ ഉദ്ഘാടനം ചെയ്തു. സ്വാഗതസംഘം ചെയർമാനും മൺറോത്തുരുത്ത് പഞ്ചായത്ത് പ്രസിഡന്റുമായ ബിനു കരുണാകരൻ സ്വാഗതവും ജനറൽ കൺവീനർ ആർ. രാഹുൽ നന്ദിയും പറഞ്ഞു.

സംസ്ഥാന വൈസ്പ്രസിഡണ്ട് ബി.രമേഷ് സംഘടനാരേഖ അവതരിപ്പിച്ചു. വരും വർഷം ജില്ലയിൽ നടപ്പാക്കേണ്ട വിവിധ രംഗങ്ങളിലെ പ്രവർത്തനങ്ങൾക്കുള്ള ചർച്ചക്ക് നിർവാഹക സമിതി അംഗങ്ങളായ പി.എസ്.സാനുവും സൂര്യലക്ഷ്മിയും നേതൃത്വം നൽകി. ഭാരവാഹികളായി കെ.വി.വിജയൻ (പ്രസിഡണ്ട്), വി.ജോൺ, എൽ.ഷൈലജ (വൈസ് പ്രസിഡണ്ടുമാർ), ജി.കലാധരൻ (സെക്രട്ടറി), ജി.സുനിൽകുമാർ, കെ.പ്രസാദ് (ജോയിന്റ് സെക്രട്ടറിമാർ), ജി. രാജു (ട്രഷറർ) എന്നിവരേയും വിവിധ വിഷയസമിതി കൺവീനർമാരായി പി.ഹുമാം റഷീദ് (പരിസരം), ഡോ.വി. ആർ.പ്രതിഭ (ആരോഗ്യം), എൽ.രമേശൻ (വിദ്യാഭ്യാസം), എസ്.രാധാകൃഷ്ണൻ (ജൻഡർ) എന്നിവരേയും തെരഞ്ഞെടുത്തു. മൺട്രോത്തുരുത്ത് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ബിനു കരുണാകരൻ സ്വാഗതസംഘം ചെയർമാനും ആർ.രാഹുൽ ജനറൽ കൺവീനറുമായിരുന്നു. മൺട്രോത്തുരുത്തിന്റെ വൈവിധ്യമായ പാരിസ്ഥിതിക പ്രത്യേകതകൾ തൊട്ടറിഞ്ഞ സമ്മേളനം പ്രതിനിധികൾക്ക് പുത്തൻ അനുഭവമായിരുന്നെന്ന് സമ്മേളനം വിലയിരുത്തി.

# ജനറൽ സെക്രട്ടറിയുടെ കത്ത്

## നാലാംതവണ കണ്ണൂരിലേക്ക്

പരിഷത്തിന്റെ വാർഷികസമ്മേളനം നാലാം തവണ കണ്ണൂരിലെത്തിയിരിക്കയാണ്. ഇതിന് മുമ്പ് 1976ൽ (മാർച്ച് 6,7) 13-ാം വാർഷികവും 1988ൽ 25-ാം വാർഷികവും (ഫെബ്രുവരി 11,12,13,14) 2003ൽ 40ാം വാർഷികവുമാണ് (ഫെബ്രുവരി 8,9,10 പെരളശ്ശേരി) കണ്ണൂർ ജില്ലയിൽ നടന്നത്. കണ്ണൂരിൽ നടന്ന മൂന്ന് വാർഷികസമ്മേളനങ്ങളും സംഘടനാ ചരിത്രത്തിലെ നിർണായക തീരുമാനങ്ങൾ കൈക്കൊണ്ട സമ്മേളനങ്ങളായിരുന്നു.

13-ാം വാർഷികസമ്മേളനത്തിന്റെ ഭാഗമായി വ്യവസായസമ്മേളനം, വിദ്യാഭ്യാസസമ്മേളനം എന്നിവയായിരുന്നു അനുബന്ധ പരിപാടികൾ. ആദ്യമായി സംഘടിപ്പിച്ച ശാസ്ത്രപാർലമെന്റും ശാസ്ത്രകലാ പരിപാടികളും ഈ സമ്മേളനത്തിന്റെ പ്രത്യേകതകളായിരുന്നു. പരിഷത്ത് പ്രസിദ്ധീകരണ രംഗത്തേക്ക് പ്രവേശിക്കുന്നതും കണ്ണൂർ സമ്മേളനത്തിന് ശേഷമാണ്. ഫ്യൂച്ചറോളജി എന്ന പുസ്തകം പ്രസിദ്ധീകരിച്ചുകൊണ്ട്.

ജനകീയശാസ്ത്രപ്രസ്ഥാനങ്ങളുടെ അഖിലേന്ത്യാ സംഘടന ആരംഭിക്കാനുള്ള ശ്രമം വളരെ നേരത്തെ തുടങ്ങിയതാണെങ്കിലും അത് സഫലമായത് കണ്ണൂരിൽ നടന്ന ഇരുപത്തിയഞ്ചാം വാർഷിക സമ്മേളനത്തിലാണ്. സംസ്ഥാനതലത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് യൂണിറ്റുകളിലേക്ക് നല്കുന്നതിന് പകരം യൂണിറ്റ് തലത്തിൽ ആസൂത്രണം ചെയ്യുന്ന പരിപാടികൾക്ക് മുൻതൂക്കം നല്കണമെന്നും യൂണിറ്റ്തലപ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത തരത്തിൽ സംസ്ഥാനതല പ്രവർത്തനങ്ങൾ ആവിഷ്കരിക്കണമെന്നും ഈ സമ്മേളനത്തിലാണ് തീരുമാനിച്ചത്.

സ്വാശ്രയകോളേജുകൾ അടച്ചുപൂട്ടണമെന്നും ഉപഭോഗം ആയുധമാക്കി സ്വദേശി ഉല്പന്നങ്ങൾ പ്രചരിപ്പിക്കണമെന്നും ബഹുരാഷ്ട്രകുത്തകകളുടെ ഉല്പന്നങ്ങൾ ബഹിഷ്കരിക്കണമെന്നുമായിരുന്നു നാല്പതാം വാർഷിക പ്രമേയങ്ങൾ.

ഇന്ന് വിലയിരുത്തുമ്പോൾ കണ്ണൂരിൽ നടന്ന മൂന്ന് സമ്മേളനങ്ങളും കൈക്കൊണ്ടതീരുമാനങ്ങൾ സംഘടനയെ ഊർജ്ജസ്വലമാക്കുകയും മുന്നോട്ടുള്ള പ്രയാണം ത്വരിതപ്പെടുത്തുകയും ചെയ്തതായി കാണാം. പ്രസിദ്ധീകരണങ്ങളുടെ വാർഷികപ്രചാരണം രണ്ടരക്കോടിയിലെത്തിയിരിക്കുന്നു. ശാസ്ത്രകലാപരിപാടികൾ പുതിയൊരു തിയേറ്റർ രൂപമായി വളർന്നു. അഖിലേന്ത്യാ ജനകീയ ശാസ്ത്രപ്രസ്ഥാനവും ബിജിവിഎസും ഇന്ത്യയിലെങ്ങും വളർന്ന് വ്യാപിച്ചു. പലജില്ലകളും സമ്പൂർണ സാക്ഷരത കൈവരിച്ചു. അതേസമയം കേരളത്തിലെ വിദ്യാഭ്യാസരംഗം വരേണ്യവല്കരിക്കപ്പെടുകയും കച്ചവടവത്കരിക്കപ്പെടുകയും വിദ്യാർഥികളുടേയും രക്ഷിതാക്കളുടേയും ദുസ്വപ്നമായി മാറുകയും ചെയ്തിരിക്കുന്നു. ജനാധിപത്യ സർക്കാരുകൾക്ക് തലേദനയും. മതനിരപേക്ഷ ജനാധിപത്യ ബോധത്തിനും സാമൂഹികനീതിക്കും വെല്ലുവിളികളുയർത്തി ഒരു വിഷവൃക്ഷമായി പടർന്നു പന്തലിക്കുന്ന സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചുപൂട്ടണമെന്ന പ്രമേയം ഇന്ന് പുതിയൊരു രൂപത്തിൽ അവതരിപ്പിക്കേണ്ടിയിരിക്കുന്നു. 40-ാം വാർഷികത്തിലെ ബഹിഷ്കരണപ്രസ്ഥാനത്തിന് പുതിയ മാനങ്ങൾ തേടേണ്ടിയിരിക്കുന്നു. ദളിത് ആദിവാസി മേഖലയിലെ തനത് പ്രശ്നങ്ങൾക്കൊപ്പം അർധ ഫാസിസ്റ്റ് സ്വഭാവത്തിലുള്ള സവർണ ഹിന്ദുത്വവാദികളാൽ നിയന്ത്രിക്കപ്പെടുന്ന കേന്ദ്രസംസ്ഥാന ഭരണകൂടങ്ങൾ ദളിതർക്ക് നേരെ അഴിച്ചുവിടുന്ന ആക്രമണപരമ്പരകളും സർവ്വകലാശാലകളിൽ ദളിത് വിദ്യാർഥികൾ നേരിടേണ്ടിവരുന്ന പീഡനങ്ങളുമെല്ലാം ചേർന്ന് ഇന്ത്യ ജാതിസംഘർഷങ്ങളുടെ കലാപഭൂമിയായിരിക്കയാണ്. പുത്തൻ വികസന രൂപങ്ങൾ നമ്മുടെ പരിസ്ഥിതിയെ മുച്ചൂടും മുടിച്ചുകൊണ്ടിരിക്കുന്നു.

ഇവയ്ക്കെല്ലാമെതിരെ ശക്തമായ പ്രതിരോധരൂപങ്ങൾ ഉരുത്തിരിച്ചെടുക്കുകയും പ്രവർത്തനപരിപാടികൾക്ക് രൂപം നല്കുകയും ചെയ്യുകയെന്നതാണ് 54-ാം വാർഷികസമ്മേളനത്തിന് മുന്നിലുള്ള പ്രധാന ഉത്തരവാദിത്തം.

മുരളീധരൻ പി
ജനറൽ സെക്രട്ടറി

# എറണാകുളം ജില്ലാവാർഷികം




എറണാകുളം ജില്ലാസമ്മേളനം ജസ്റ്റിസ് കമാൽ പാഷ ഉദ്ഘാടനം ചെയ്യുന്നു

എറണാകുളം : ശാസ്ത്ര സാങ്കേതികവിദ്യയുടെ നേട്ടങ്ങൾ നിത്യജീവിതത്തിൽ ആവോളം പ്രയോജനപ്പെടുത്തുമ്പോൾ തന്നെ അന്ധവിശ്വാസങ്ങളുടെ ചുമടുതാങ്ങികളായി മലയാളികൾ മാറുന്നു. കുന്നുകളും തണ്ണീർത്തടങ്ങളും യഥേഷ്ടം നശിപ്പിച്ചതിന്റെ പ്രതിഫലനമാണ് ഇന്നനുഭവിക്കുന്ന രൂക്ഷമായ വരൾച്ചയും കുടിവെള്ള ക്ഷാമവും. കുടിവെള്ളസ്രോതസ്സുകളുടെ സംരക്ഷണത്തിനു ഇപ്പോൾ നൽകുന്ന ഊന്നൽ പ്രതീക്ഷക്കു വകനൽകുന്നു. ജസ്റ്റീസ് കമാൽ പാഷ അഭിപ്രായപ്പെട്ടു. എറണാകുളം ജില്ലാവാർഷികം ഉദ്ഘാടനം ചെയ്തുസംസാരിക്കുയായിരുന്നു അദ്ദേഹം. കാലാവസ്ഥയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റം അതിഭയാനാകമാണ്. മനുഷ്യൻ സ്വയം നാശത്തിലേക്കുള്ള വഴി തേടുകയാണെന്നും അദ്ദേഹം പറഞ്ഞു. സമൂഹത്തിൽ പരിസ്ഥിതി അവബോധവും ശാസ്ത്രാവബോധവും പ്രചരിപ്പിക്കുന്നതിനായി പരിഷത്ത് നടത്തുന്ന പ്രവർത്തനങ്ങളെ അഭിനന്ദിച്ചു.

കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയിലെ ഡോ ബി ചക്രപാണി കാലാവസ്ഥ വ്യതിയാനം ശാസ്ത്രവും രാഷ്ട്രീയവും എന്ന വിഷയത്തിൽ ക്ലാസ് എടുത്തു. പിപിസി യുടെ പുതിയ സംരംഭമായ സമതാ കിറ്റിന്റെ പ്രചാരണോദ്ഘാടനം പ്രൊഫ . എം കെ പ്രസാദ് നിർവഹിച്ചു. കൗൺസിലർമാരായ എ.എ പരീത്, ഗോപാലകൃഷ്ണപിള്ള തുടങ്ങിയവർ ആശംസകൾ നേർന്നു. ജില്ലാപ്രസിഡണ്ട് കെ.എസ് രവി അധ്യക്ഷത വഹിച്ചു. സ്വാഗത സംഘം ചെയർമാൻ എ.എം യൂസഫ് സ്വാഗതവും ജനറ ൽ കൺവീനർ കൃഷ്ണൻ കുട്ടി നന്ദിയും പറഞ്ഞു. സാലി മോനും സംഘവും നേതൃത്വം നൽകിയ സ്വാഗത ഗാനത്തോടെ ഉദ്ഘാടനസമ്മേളനം ആരംഭിച്ചത്.

ജില്ലാ പ്രസിഡന്റിന്റെ ആമുഖ പ്രഭാഷണത്തെ തുടർന്നു സെക്രട്ടറി റിപ്പോർട്ടും ട്രഷറർ വരവു ചെലവുകണക്കുകളും അവതരിപ്പിച്ചു. ചർച്ചയുടെ പ്രതികരണത്തെ തുടർന്നു 100 ൽകൂടുതൽ വരിക്കാരെ ചേർത്ത 7 യൂണിറ്റുകൾക്കും 50 ൽ കൂടുതൽ വരിക്കാരെ ചേർത്ത 25 യൂണിറ്റുകൾക്കും ഉപഹാരം നൽകി. 388 വരിക്കാരെ കണ്ടെത്തിയ തമ്മനം യൂണിറ്റിനെ പ്രത്യേകം അഭിനന്ദിച്ചു. ശാസ്ത്രഗതി എഡിറ്റർ ഡോ എൻ. ഷാജി സമ്മാനങ്ങൾ വിതരണം ചെയ്തു. 500 ൽ അധികം വരിക്കാരെ ചേർത്ത എറണാകുളം, ആലുവ, മുളന്തുരുത്തി മേഖലകളെ അഭിനന്ദിച്ചു

വൈകിട്ട് 7ന് നിർവാഹക സമിതി അംഗം എ.പി മുരളീധരൻ സംഘടനാരേഖ അവതരിപ്പിച്ചു. തുടർന്നു 7 ഗ്രൂപ്പുകളിലായി രാത്രി 11 മണിക്കു ജില്ലാകമ്മറ്റി യോഗം ചേരുന്നതുവരെ രേഖ ചർച്ച ചെയ്തു

രണ്ടാം ദിവസം സമ്മേളനം രാവിലെ 9 നു ആരംഭിച്ചു . രേഖാ ചർച്ചയുടെ ഗ്രൂപ്പ് റിപ്പോർട്ടിങ്ങിനെ തുടർന്നു ശാസ്ത്രഗതി മാനേജിങ് എഡിറ്റർ പി.എ തങ്കച്ചൻ ക്രോഡീകരണം നടത്തി. വിദ്യാഭ്യാസം, ആരോഗ്യം, ജെണ്ടർ, പരിസരം എന്നീ വിഷയസമിതി പ്രവർത്തന ചർച്ചകൾക്കുള്ള ആമുഖം പ്രൊഫ പി ആർ രാഘവൻ അവതരിപ്പിച്ചു .

ചർച്ചയെ തുടർന്നു ഗ്രൂപ്പുകളിൽ വിവിധ പ്രവർത്തന നിർദ്ദേശങ്ങൾ ഉയർന്നു വന്നു .

കെ.ആർ ശാന്തിദേവി (പ്രസിഡണ്ട്) സി.ഐ വർഗീസ്, എം.ആർ മാർട്ടിൻ (വൈസ് പ്രസിഡന്റുമാർ), കെ.കെ ഭാസ്കരൻ (സെക്രട്ടറി), എ.എ സുരേഷ് , ജയ എം ( ജോയിന്റ് സെക്രട്ടറിമാർ), സുനിൽ കെ പി (ട്രഷറർ), എന്നിവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു. ഡോ കെ.എം. സംഗമേശൻ (വിദ്യാഭ്യാസം), പി കെ വാസു (ആരോഗ്യം), മോഹനൻ എം.എസ് ( പരിസരം), ഷീജ വിശ്വനാഥൻ (ജന്റർ) എന്നിവരാണ് വിഷയ സമിതി കൺവീനർമാർ .

പെരിയാർ സംരക്ഷിക്കുന്നതിനു കർമ്മ പരിപാടി തയ്യാറാക്കുക, കോണത്തുപുഴയിൽ ഓരുവെള്ളം കയറുന്നതു തടയുന്നതിനു ബണ്ട് നിർമ്മിക്കുക, ഐഒസി പുതുവൈപ്പ് എൽപിജി സംഭരണ കേന്ദ്രം പദ്ധതി പുനഃ പരിശോധിക്കുക, പൊതു വിദ്യാലയങ്ങളിലെ നിയമ വിരുദ്ധ ഇംഗ്ലീഷ് മീഡിയം അധ്യയനം അവസാനിപ്പിക്കുക, ആമ്പല്ലൂർ പഞ്ചായത്തിലെ ഇലക്ട്രോണിക് പാർക്ക് പദ്ധതി പുനഃ പരിശോധിക്കുക, തുടങ്ങിയ പ്രമേയങ്ങൾ വാർഷികം അംഗീകരിച്ചു. വൈകിട്ട് 5 മണിക്കു പ്രേമ, മീര തുടങ്ങിയവർ ചേർന്നു ആലപിച്ച പരിഷദ്ഗാനത്തോടെ വാർഷികം സമാപിച്ചു. 324 പേർ പങ്കെടുത്തു.

എറണാകുളം മേഖല വാർഷികം അനുസ്മരണീയമാക്കി. സജീവമായി പ്രവർത്തിച്ച സ്വാഗത സംഘത്തിന്റെ ആഭിമുഖ്യത്തിൽ വൈവിദ്ധ്യമാർന്ന അനുബന്ധ പരിപാടികൾ, വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ, ഒന്നര ലക്ഷം രൂപയുടെ പുസ്തകപ്രചാരണം അഭിമാനിക്കാനേറെയുണ്ട്.

പുതിയ പുസ്തകം



## പാലക്കാട് ജില്ലാ സമ്മേളനം

മഞ്ചപ്ര : ശാസ്ത്രസാഹിത്യ പരിഷത്ത് പാലക്കാട് ജില്ലാ സമ്മേളനം 8,9 തിയതികളിൽ മഞ്ചപ്ര പി.കെ ഹൈസ്കൂളിൽ വച്ച് നടന്നു. ഭൂവിനിയോഗത്തിലെ അശാസ്ത്രീയതകൾ എന്ന വിഷയത്തിൽ ക്ലാസെടുത്ത് ഡോ.എസ്.ശ്രീകുമാർ (അസോസിയേറ്റ് പ്രൊഫസർ, ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട) ഉദ്ഘാടനം ചെയ്തു സംഘടനാരേഖ ഡോ: എൻ.കെ. ശശിധരൻ പിള്ള അവതരിപ്പിച്ചു. ജില്ലാ പ്രസിഡണ്ട് പി. അരവിന്ദാക്ഷൻ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി കെ.എസ്സ്.സുധീർ റിപ്പോർട്ടും ജില്ലാ ട്രഷറർ നാരായണൻകുട്ടി കണക്കും അവതരിപ്പിച്ചു.

കണ്ണമ്പ്ര പഞ്ചായത്ത് പ്രസി: രെജിമോൻ ചെയർമാനം എ.ആർ അയ്യപ്പൻ കൺവീനറുമായ സ്വാഗതസംഘത്തിന്റെ നേതൃത്വത്തിൽ ഒരുക്കങ്ങൾ നടന്നു. അനുബന്ധമായി ജലസംരക്ഷണ ക്ലാസ്സുകൾ സെമിനാറുകൾ യുവസംഗമങ്ങൾ പുസ്തക പ്രചരണം പരിഷദ് ഉത്പന്നങ്ങളുടെ പ്രദർശന വിപണനം തുടങ്ങി വിവിധ പരിപാടികൾ നടന്നു.

ജില്ലാ പ്രസിഡണ്ട് ആയി പി.അരവിന്ദാക്ഷൻ, ജില്ലാ സെക്രട്ടറി നാരായണൻകുട്ടി, ജില്ലാ ട്രഷറർ കെ അരവിന്ദാക്ഷൻ എന്നിവരെ തെരഞ്ഞെടുത്തു.

## കോട്ടയം ജില്ലാസമ്മേളനം




കോട്ടയം:അമ്പത്തിനാലാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചുള്ള കോട്ടയം ജില്ലാ വാർഷികം ഏപ്രിൽ 8 ,9 തിയതികളിൽ വെള്ളൂർ ഗവൺമെന്റ് എൽ.പി സ്കൂളിൽ വച്ച് നടന്നു. കാലടി സംസ്കൃത സർവകലാശാല അധ്യാപകൻ ഡോ.സുനിൽ പി ഇളയിടം ശാസ്ത്രം, നവോത്ഥാനം, യുക്തിബോധം എന്ന വിഷയം അവതരിപ്പിച്ചുകൊണ്ട് സമ്മേളനം ഉത്ഘാടനം ചെയ്തു.

ജില്ലാ വൈസ് പ്രസിഡണ്ട് ബി.ജാനമ്മ അധ്യക്ഷയായ യോഗത്തിൽ സ്വാഗതസംഘം ചെയർ പേഴ്സണും, ജില്ലാ പഞ്ചായത്ത് മെമ്പറും ആയ കല മങ്ങാട് സ്വാഗതവും, കെ.കെ. മോഹനൻ ആശംസയും അർപ്പിച്ചു. ലക്ഷ്മി, വീണ എന്നിവരുടെ സ്വാഗതഗാനത്തോടെ ആരംഭിച്ച യോഗത്തിൽ ജില്ലാ സെക്രട്ടറി സനോജ് നന്ദി രേഖപ്പെടുത്തി. തുടർന്ന് നടന്ന പ്രതിനിധി സമ്മേളനത്തിൽ ജില്ലാ സെക്രട്ടറി കെ.എസ് സനോജ് റിപ്പോർട്ടും, ട്രഷറർ അനിയൻ കുഞ്ഞ് കണക്കും, ജില്ലാ വിലയിരുത്തൽ ജോജിയും അവതരിപ്പിച്ചു. രണ്ടാമത്തെ ദിവസം നടന്ന കുടുംബ സംഗമത്തിൽ പരിഷത്ത് മുൻ സംസ്ഥാന പ്രസിഡണ്ട് ആർ. രാധാകൃഷ്ണൻ സംസാരിച്ചു. മീനച്ചിലാറിന്റെ തീരത്തുള്ള നട്ടാശ്ശേരി ചിറക്കടവിലെ പുറമ്പോക്ക് ഭൂമി സംരക്ഷിക്കണമെന്ന് കേരള ശാസ്ത്രസാഹിത്യ പരിഷത്ത് കോട്ടയം ജില്ലാ വാർഷിക സമ്മേളനം പ്രമേയത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെട്ടു. ഒരേക്കറോളം വരുന്ന ഭൂമി നിലവിൽ സ്വകാര്യവ്യക്തി കൈയ്യേറിയിരിക്കുകയാണ്. സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അടിയന്തരമായി ഇടപെട്ട് ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിച്ച് ഇവിടെ കുട്ടികൾക്കുള്ള കളിസ്ഥലവും ഇക്കോപാർക്കും സ്ഥാപിക്കണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. ജില്ലാ വൈസ് പ്രസിഡണ്ട് ബി ജാനമ്മ അധ്യക്ഷയായി. ലേഖ തെരെഞ്ഞെടുപ്പ് പ്രവത്തനങ്ങൾക്ക് നേതൃത്വം നൽകി. പുതിയ ഭാരവാഹികളായി എം.പി രാമൻ(പ്രസിഡണ്ട്), ബി ജാനമ്മ (വൈസ് പ്രസിഡണ്ട്), കെ എസ് സനോജ്(സെക്രട്ടറി), കെ.എ രാജൻ(ജോ. സെക്രട്ടറി), ജോൺ കെ ജോസഫ് (ട്രഷറർ), വിവിധ സമിതികളുടെ കൺവീനർമാരായി എൻ ഗോപാലകൃഷ്ണൻ(പരിസരം ), ആർ സനൽകുമാർ(ആരോഗ്യം), പി പ്രകാശ്(വിദ്യാഭാസം), ജെ ലേഖ(ജെൻണ്ടർ) എന്നിവരുൾപ്പെന്ന 20 അംഗ ജില്ലാ കമ്മിറ്റിയെയും വാർഷിക സമ്മേളനം തെരെഞ്ഞെടുത്തു.

## ജലസ്രോതസ്സുകൾ ജനകീയ നിയന്ത്രണത്തിലാക്കണം

### തിരുവനന്തപുരം ജില്ലാ സമ്മേളനം




തിരുവനന്തപുരം ജില്ലാ സമ്മേളനത്തിൽ
സി.കെ. ഹരീന്ദ്രൻ എം.എൽ.എ. സംസാരിക്കുന്നു.

പാറശാല: കഴിഞ്ഞ 150 വർഷത്തിനിടയിലെ ഏറ്റവും വലിയ വരൾച്ചയെ നേരിടുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ വരൾച്ചാബാധിത സംസ്ഥാനമായി സർക്കാർ പ്രഖ്യാപിച്ചു കഴിഞ്ഞു. 10 വർഷത്തിനിടയിൽ ജലത്തിന്റെ ഉപയോഗം ഇരട്ടിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴത്തെ ജലദൗർലഭ്യത്തിന കാരണം സ്ഥല-ജല സംരക്ഷണ കാര്യക്ഷമതക്കുറവും വിവേകത്തോടെയല്ലാത്ത ഇടപെടലുകളുമാണ്.

പെയ്തിറങ്ങുന്ന മഴവെള്ളം ശേഖരിച്ചിരുന്ന കുളങ്ങളും തോടുകളും വയലുകളും തണ്ണീർത്തടങ്ങളും എല്ലാം ഇല്ലായ്മ ചെയ്തത് മഴവെള്ളത്തെ വേനൽക്കാലത്തും സംരക്ഷിച്ചിരുന്ന ജൈവാവരണവും നഷ്ടപ്പെടുത്തി. മഴവെള്ള സംരക്ഷണം ഓരോ പൗരന്റെയും ഉത്തരവാദിത്തമായി മാറണം. അതിനുള്ള ബോധവത്കരണ പ്രവർത്തനങ്ങൾക്ക് സർക്കാരും സന്നദ്ധസംഘടനകളും നേതൃത്വം നൽകണമെന്നും മുഴുവൻ ജലസ്രോതസ്സുകളും ജനകീയ നിയന്ത്രണത്തിലാക്കണമെന്നും കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് ജില്ലാ സമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. വെട്ടൂർ പി. രാജൻ അനുസ്മരണപ്രഭാഷണം സിഡിഎസ് അസോസിയേറ്റ് പ്രൊഫസർ ഡോ. ജെ. ദേവിക നിർവഹിച്ചു. എൻ. ജഗജീവൻ, ടി. രാധാമണി, ഡോ. കെ.പി. കണ്ണൻ എന്നിവർ സംസാരിച്ചു. മികച്ച പ്രാദേശിക പ്രവർത്തനം ഏറ്റെടുത്തുനടത്തുന്ന യൂണിറ്റുകൾക്കുള്ള എൻഡോവ്മെന്റ് കുടവൂർ, ശ്രീനാരായണപുരം യൂണിറ്റുകൾക്ക് സമ്മാനിച്ചു. നെടുങ്കാട്, വെടിവച്ചാൻകോവിൽ യൂണിറ്റുകൾ പ്രോത്സാഹനപുരസ്കാരം നേടി.

സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് സി.കെ. ഹരീന്ദ്രൻ എം.എൽ.എ. സംസാരിച്ചു. മണ്ഡലത്തിൽ നടപ്പാക്കുന്ന സമ്പൂർണ കുടിവെള്ള വൈദ്യുതീകരണ പദ്ധതികളെക്കുറിച്ച് അദ്ദേഹം സംസാരിച്ചു. ആയിരക്കണക്കിനവരുന്ന ഉറവകളെയും മറ്റ് തണ്ണീർത്തടസ്രോതസ്സുകളെയും വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പരിഷത്ത് പിന്തുണ പ്രഖ്യാപിച്ചു.

പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞ പ്രവർത്തനങ്ങൾക്ക് ജനകീയ പങ്കാളിത്തം ഉറപ്പാക്കുക, പാലോട് മേഖലയിലെ വിവിധ പ്രദേശങ്ങളിലെ അക്കേഷ്യ-മാഞ്ചിയം പ്ലാന്റേഷൻ നിയന്ത്രിക്കുക തുടങ്ങിയ പ്രമേയങ്ങളും സമ്മേളനം അംഗീകരിച്ചു. ജില്ലാ പ്രസിഡണ്ട് സന്തോഷ് ഏറത്ത്, ഷിബു അരുവിപ്പുറം, അഡ്വ. വി.കെ. നന്ദനൻ, എസ്. ജയകുമാർ, ബി. രമേഷ് എന്നിവർ സംസാരിച്ചു.

ഭാരവാഹികൾ സന്തോഷ് ഏറത്ത് (പ്രസിഡണ്ട്), ഗിരിജടീച്ചർ, ബി. പ്രഭാകരൻ (വൈസ് പ്രസിഡണ്ട്), ഷിബു അരുവിപ്പുറം (സെക്രട്ടറി), ആർ. മല്ലിക, എസ്. ജയകുമാർ (ജോയിന്റ് സെക്രട്ടറി), ജിനുകുമാർ (ട്രഷറർ)

## മുൻവിധികളില്ലാത്ത ശാസ്ത്ര ഗവേഷണമാണ് അനിവാര്യം- ഡോ. സി. വിജയൻ




തൃശൂർ: മുൻവിധികളില്ലാത്ത ശാസ്ത്രഗവേഷണമാണ് അനിവാര്യമെന്ന് മദ്രാസ് ഐ.ഐ.ടിയിലെ പ്രഫസർ ഡോ. സി. വിജയൻ പറഞ്ഞു. കോലഴിയിൽ ശാസ്ത്രസാഹിത്യ പരിഷത്ത് തൃശൂർ ജില്ലാസമ്മേളനം ഉദ്ഘാടനം ചെയ്ത് 'പ്രകാശ ഭൗതികത്തിലെ പുതിയ വഴിത്താരകൾ'എന്ന വിഷയം അവതരിപ്പിക്കുകയായിരുന്നു അദ്ദേഹം. തുറന്ന മനസ്സോടെയല്ലാത്ത ഗവേഷണങ്ങൾ സമൂഹത്തിന് ഗുണം ചെയ്യില്ല. തുറന്ന മനസ്സുകളാണ് ആവശ്യം. വായനയില്ലാത്ത കുട്ടികളുടെ പുതുതലമുറക്ക് എങ്ങനെ തുറന്ന മനസ്സുണ്ടാകും- അദ്ദേഹം ചോദിച്ചു. മരുന്നുണ്ടാക്കുന്ന ഗവേഷകന് ഫെലോഷിപ്പ് നൽകുന്നത് മരുന്നുൽപാദിപ്പിക്കുന്ന കമ്പനിയാണ്. അന്നദാതാവിനോട് വിധേയത്വം ഉണ്ടാകുക സ്വാഭാവികം. ശാസ്ത്രം ഇരുട്ടുമുറിയോ ഇടിമുറിയോ അല്ല, അതിന് പുറത്ത് വലിയ ലോകമുണ്ട്. ശാസ്ത്രത്തിന് വെളിയിലുള്ള കാര്യങ്ങളിൽ ഗവേഷണം നടത്തി ഉത്തരം കണ്ടെത്തോൻ ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഒരു കാലത്ത് പ്ളാസ്റ്റിക് എന്നത് വിപ്ളവകരമായ കണ്ടുപിടുത്തമെന്ന് ലോകം വിലയിരുത്തിയിരുന്നു. ഇന്ന് അത് ജനജീവിതം ദുരിതമയമാക്കുന്ന വിനാശകരമായ സാധനമാണ്. ശാസ്ത്രത്തിന്റെ പോക്കിൽ ആശങ്കപ്പെടാൻ വകയുണ്ട്. ശാസ്ത്രത്തിന്റെ നല്ല ഗുണങ്ങളെ ഉപയോഗപ്പെടുത്തുകയാണ് വേണ്ടതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ശാസ്ത്രബോധം സുസ്ഥിരജീവിതത്തിന് അത്യാവശ്യമാണെന്ന് പ്രതിനിധിസമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തിയ ഡോ.പി.കെ. ബിജു എം.പി പറഞ്ഞു. ലോകത്തിൽ ഏറ്റവും കൂടുതൽ കിണറുകൾ ഉള്ള നാടാണ് കേരളം. ഏറ്റവും കൂടുതൽ പരിസ്ഥിതി മലിനീകരിക്കപ്പെട്ട സംസ്ഥാനം കൂടിയാണ് കേരളമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ജില്ല പ്രസിഡണ്ട് എം.എ മണി അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡണ്ട് ഡോ.കെ.പി. അരവിന്ദൻ, ജില്ല സെക്രട്ടറി കെ.എസ്. സുധീർ, കെ.എസ്. അർഷാദ്, തൃശൂർ ഗവ. എഞ്ചിനീയറിങ് കോളജ് പ്രിൻസിപ്പൽ ഡോ. കെ.പി ഇന്ദിരാദേവി, ഡോ. ജി. മുകുന്ദൻ, ഡോ. എം.പി. പരമേശ്വരൻ, പ്രൊഫ. കെ.ആർ.ജനാർദ്ദനൻ, കെ.വി. ആൻറണി, സി. ബാലചന്ദ്രൻ, എ.പി. ശങ്കരനാരായണൻ, ടി. സൂര്യ, ടി.എ.ഷിഹാബുദ്ദീൻ, കെ.പി.രവിപ്രകാശ്, ടി. സത്യനാരായണൻ എന്നിവർ സംസാരിച്ചു.

## വയനാട് ജില്ലാസമ്മേളനം




മരക്കടവ് : വരും വർഷങ്ങളിലെ ജല സുരക്ഷ ഉറപ്പു വരുത്തുന്നതിന് ഈ വർഷം മുതൽ തൽസ്ഥല സംരക്ഷണത്തിനു പൊതുജനങ്ങൾമുന്നിട്ടിറങ്ങണമെന്ന ആഹ്വാനവുമായി പരിഷത് വയനാട് ജില്ലാ സമ്മേളനം മരക്കടവിൽ സമാപിച്ചു.

വയനാട് ജില്ലയിൽ ഇപ്പോൾ പെയ്യുന്ന മഴയുടെ 80% വെള്ളവും പുറത്തേക്കൊഴുകുന്ന സ്ഥിതിയാണുള്ളത്. ഈ സ്ഥിതി തുടർന്നാൽ വയനാടിന്റെ ജല സുരക്ഷ കാല വർഷം അനുഗ്രഹിച്ചാലും വരും വർഷങ്ങളിൽ ഗുരുതരമായ പ്രതിസന്ധിയെ നേരിടുമെന്നുറപ്പാണ്. ഈ പ്രതിസന്ധിയെ മുറിച്ചു കടക്കണമെങ്കിൽ ഓരോ പറമ്പിലുംപെയ്യുന്ന മഴവെള്ളം അവിടെ തന്നെ താഴാൻ അനുവദിക്കുന്ന തൽസ്ഥല ജല സംരക്ഷണ പരിപാടികൾക്ക് ജനങ്ങൾ മുന്നിട്ടിറങ്ങിയേ മതിയാകൂ.

തലക്കുളങ്ങളുടെ സംരക്ഷണം, കുളം നിർമ്മാണം, കൊണ്ടൂർ ബണ്ടുകൾ, കിണർ റീ ചാർജിങ്ങ്, മഴ വെള്ള സംഭരണത്തിനുള്ള ക്രിത്രിമ കുളങ്ങൾ, കൂടുതൽ മരങ്ങൾ വച്ചു പിടിപ്പിച്ച് വൃക്ഷ മേലാപ്പ് ഒരുക്കൽ തുടങ്ങി ഒട്ടേറെ മാർഗങ്ങൾ അവലംഭിക്കാവുന്നതാണ്.

മാതൃഭാഷാ സംരക്ഷണം പ്രാഥമിക ഉത്തരവാദിത്തമായി ഏറ്റെടുക്കാൻ സർക്കാരും സമൂഹവും തയ്യാറാവണമെന്ന് മറ്റൊരു പ്രമേയത്തിലൂടെ പരിഷത് ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു.

മലയാളം ഉൾപ്പടെയുള്ള കേരളീയ മാതൃഭാഷകൾ കടുത്ത വെല്ലുവിളി നേരിടുകയാണ്. വിദ്യാലയങ്ങളിൽ മലയാളത്തെ കുടിയിറക്കാനുള്ള നീക്കം ശക്തമാണ്. ഒരു ഭാഗത്ത് സ്വകാര്യ അൺ എയിഡഡ് വിദ്യാലയങ്ങളിലേക്കുള്ള ഒഴുക്ക് തുടരുമ്പോൾ അതിന് തടയിടാനെന്നോണം പൊതുവിദ്യാലയങ്ങൾ ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ വർധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കുട്ടികൾക്ക് മലയാളമോ ഇംഗ്ലീഷോ ശരിയായി കൈകാര്യം ചെയ്യാൻ ആവാത്ത സ്ഥിതിയാണ് ഇതുണ്ടാക്കി വെക്കുന്നത്.

മാതൃഭാഷ ബോധന മാധ്യമമായി അംഗീകരിക്കുകയും അതേ സമയം ഒരു ഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് നന്നായി പഠിപ്പിക്കുകയും ചെയ്യുക എന്ന നയം സ്വീകരിച്ചാൽ ഇതു പരിഹരിക്കാവുന്നതേയുള്ളൂ. ചുറ്റുമുള്ള പ്രകൃതിയെ മനസ്സിലാക്കാനും അതിലൂടെ പരിസ്ഥിതി പഠനത്തിലേക്കും സംരക്ഷണത്തിലേക്കും കുട്ടിയെ എത്തിക്കാനും മാതൃഭാഷയിലൂടെയുള്ള പഠനം വലിയ പങ്കുവഹിക്കുന്നുണ്ട് എന്നു നാം തിരിച്ചറിയണം.

മലയാളം ഭരണ ഭാഷയായി അംഗീകരിച്ചിട്ടുണ്ട് എങ്കിലും പലപ്പോഴും അത് ലംഘിക്കപ്പെടുന്നു എന്നതാണ് അനുഭവം. കോടതി ഭാഷ ഇപ്പോഴും ഇംഗ്ലീഷ് തന്നെയാണ്. സർക്കാർ ഉത്തരവുകളും കോടതി ഉത്തരവുകളും സർക്കാർ വെബ് സൈറ്റുകളും മലയാളത്തിൽ തന്നെ ലഭ്യമാക്കുകയും ആവശ്യമെങ്കിൽ ഇംഗ്ലീഷ് പതിപ്പ് ഒപ്പം ഇറക്കുകയും ചെയ്യുന്ന രീതിയിലേക്ക് മാറാൻ ഇനിയും വൈകിക്കൂടെന്ന് സമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

സമ്മേളനത്തിൽ പ്രസിഡണ്ട് പി സുരേഷ് ബാബു അധ്യക്ഷത വഹിച്ചു. സെക്രട്ടറി കെ ബിജോ പോൾ പ്രവർത്തന റിപ്പോർട്ടും ട്രഷറർ പ്രഫ. കെ ബാലഗോപാലൻ വരവ് ചെലവ് കണക്കും അവതരിപ്പിച്ചു. സ്വാഗതസംഘം ചെയർമാനും മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിണ്ടുമായ ശിവരാമൻ പാറക്കുഴി സംസാരിച്ചു. സ്വാഗത സംഘം കൺവീനർ എം.എം ടോമി സ്വാഗതവും പി.സി മാത്യു നന്ദിയും പറഞ്ഞു.

വയനാട്ടിലെ ജല ലഭ്യതയും വിനിയോഗ സാധ്യതകളും എന്ന വിഷയത്തിൽ ജില്ല മണ്ണു സംരക്ഷണ ഓഫീസർ പി.യു ദാസ് ക്ലാസ് എടുത്തു. നിർവാഹക സമിതി അംഗം പി.വി സന്തോഷ് സംഘടനാ രേഖ അവതരിപ്പിച്ചു. കെ വി ശാലാക്ഷി, എസ്. യമുന, പി ശ്രീനിവാസൻ, കെ കുഞ്ഞികൃഷ്ണൻ, ടി.പി സന്തോഷ്, കെ.ടി ശ്രീവൽസൻഎന്നിവർ സംസാരിച്ചു.

കെ.എസ്.ടി.എ ജില്ലാ സെക്രട്ടറി പി.ജെ.ബിനേഷ് സമാപന സമ്മേളനത്തിൽ ആശംസകൾ അർപ്പിച്ചു. പുതിയ ഭാരവാഹികൾപി സുരേഷ് ബാബു (പ്രസിഡണ്ട്) കെ.ടി ശ്രീവൽസൻ (വൈസ് പ്രസിഡണ്ട്)മാഗി വിൻസന്റ് (വൈസ് പ്രസിഡണ്ട്)പി ആർ മധുസൂധനൻ (സെക്രട്ടറി)കെ. ബിജോ പോൾ (ജോ സെക്രട്ടറി)എം ദേവകുമാർ (ജോ സെക്രട്ടറി)പി അനിൽകുമാർ (ട്രഷറർ)

## വയനാട് ജില്ലാ ബാലശാസ്ത്ര കോൺഗ്രസ്



കൽപറ്റ : പരിഷത്ത് വയനാട് ജില്ലാ ബാലശാസ്ത്ര കോൺഗ്രസ് ഏപ്രിൽ 1,2 തിയതികളിൽ MSSRFൽ നടന്നു UP -36, HS 33 Total 69 കുട്ടികൾ പങ്കെടുത്തു. മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ജിജു പി. അലക്സ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. കൽപ്പറ്റ മുനി. കൗൺസിലർ വി.ഹാരിസ് അധ്യക്ഷനായി. MSSRF പ്രിൻസിപ്പാളും സയന്റിസ്റ്റുമായ ഗിരിജൻ ആശംസകൾ നേർന്നു. ജില്ലാ വൈസ്.പ്രസി. കെ.ടി.ശ്രീ വത്സൻ സ്വാഗതവും കൺവീനർ പി.സി.ജോൺ നന്ദിയും പറഞ്ഞു. പരിഷത്ത് വിജ്ഞാനോത്സവ ചരിത്രവും പ്രാധാന്യവും മുതിർന്ന പരിഷത്ത് പ്രവർത്തകനും ജില്ലാ കമ്മറ്റിയംഗവുമായ വി.പി. ബാലചന്ദ്രൻ വിശദീകരിച്ചു. എ.സ.മാത്യൂസിന്റെ ശാസ്ത്ര ഗാനത്തോടെ പരിപാടികൾ തുടങ്ങി. കോഴിക്കോട് CWRDM ലെ ശാസ്ത്രജ്ഞൻ അബ്ദുൾ ഹമീദ് മനുഷ്യ ജീവിതത്തിൽ സൂക്ഷ്മ ജീവികളുടെ പങ്ക് എന്ന വിഷയത്തിൽ ക്ലാസെടുത്തു. തുടർന്ന് കുട്ടികളുമായി സംവദിച്ചു. ജലജന്യ രോഗങ്ങൾ വരുത്തുന്ന ജീവികൾ, ആസിഡ് മഴ, കൃത്രിമ മഴ, വിവിധ സൂക്ഷ്മ ജീവികളുടെ ഉല്പാദനം തുടങ്ങിയ നിരവധി വിഷയങ്ങൾ ചർച്ചയിൽ കുട്ടികൾ ശാസ്ത്രജ്ഞനുമായി പങ്കുവെച്ചു. ഉച്ചസമയം ഏറെയായിട്ടും കുട്ടികൾ ഏറെ താൽപ്പര്യപൂർവ്വം പങ്കാളികളായി എന്നത് ഈ സെഷന്റെ പ്രത്യേകതയാണ്. തുടർന്ന് കുട്ടികൾക്ക് നൽകിയ ബാഡ്ജിലെ സൂക്ഷ്മജീവികളുടെ ചിത്രങ്ങൾ പ്രകാരം 10 ഗ്രൂപ്പുകളായി ക്ലാമിഡോമോണസ് ബയോഗ്യാസ് MSSRF സയന്റിസ്റ്റ് ജോസഫ് സാർ വീടുകളിലെ സൂക്ഷമ ജീവികളുമായി ബന്ധപ്പെട്ട പ്രൊജക്ട് നിർദ്ദേശങ്ങൾ ആമുഖമായി നൽകി. തുടർന്ന് UP, HS 5 ഗ്രൂപ്പുകൾ പ്രൊജക്ട് അവതരണം 5 ഗ്രൂപ്പ് വീതം HS - ടുബാക്കോ മൊസേക്, ബയോഗ്യാസ് പ്ലാന്റ് പാരമീസിയം, ക്ലാമി ഡാമോണസ്, ഫോസ്ഫേറ്റ് ബാക്ടീരിയ

UP - യുഗ്ലീന, അസോള, ലിവാൻ ഹുക്ക്, അമീബ, മണ്ണിര കംമ്പോസ്റ്റ് തുടങ്ങിയ ഗ്രൂപ്പുകൾ മണകകുന്നി മാങ്ങാ വയൽ കോളനി, ബാങ്ക് പരിസരം, അങ്കൺവാടി, കുന്നമ്പറ്റ റോഡ് തുടങ്ങിയ സ്ഥലങ്ങളിലേക്ക് സർവ്വേക്കായി പോയി. ബഷീർ ആനന്ദ് ജോൺ, എം.ഡി.ദേവസ്യ, സതീഷ് കുമാർ, ടി.പി. സന്തോഷ്, ടി.പി.കമല എന്നിവർ നേതൃത്വം നൽകി. ഒ.കെ. പീറ്ററിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് കളിയരങ്ങ് നൽകി, എം.എം.ടോമി മാഷിന്റെ ആകാശയാത്ര ഏറെ കൗതുകം നിറഞ്ഞതായിരുന്നു. കെ.ടി.ശ്രീവത്സൻ, ബഷീർ, ആനന്ദ്, ജോൺ പോലീസ് പരേഡ് ഗ്രൗണ്ടിൽ വെച്ച് നൽകിയ വാനനിരീക്ഷണത്തിന് നേതൃത്വം നൽകി. രണ്ടാം ദിവസം നടത്തിയ പ്രകൃതി പഠനയാത്ര ഏറെ വിജ്ഞാനപ്രദവും മനസ്സിൽ മായാത്ത അനുഭവങ്ങൾ തീർത്തതായും കുട്ടികൾ വിലയിരുത്തി. പക്ഷി നിരീക്ഷകനും, ശാസ്ത്രജ്ഞനുമായ വിഷ്ണുദാസ്, അനീഷ്, ആസ്യ, ജോസഫ് എന്നിവർ നേതൃത്വം നൽകി. കുട്ടികൾ പഠനാനുഭവ കുറിപ്പ് തയ്യാറാക്കി നൽകി. ഫീൽഡ് ട്രിപ്പ് പ്രൊജക്ട് അവതരണം സെമിനാർ ഹാളിൽ നടന്നു. ജോസഫ് , അശോകൻ മാഷ്, ജിതിൻജിത്ത് എന്നിവർ വിലയിരുത്താൻ നേതൃത്വം നൽകി. ഓടപ്പള്ളം സ്കൂൾ അധ്യാപകൻ ജിതിൻ ജിത്ത് വളരെ വ്യത്യസ്തമായ രീതിയിൽ ക്വിസ് മത്സരം നടത്തി. ജലസുരക്ഷയെ കുറിച്ച് കെ.ടി. ശ്രീവത്സൻ ക്ലാസെടുത്തു . സമാപന ചടങ്ങിൽ MSSRF സയന്റിസ്റ്റ് ജോസഫ് അധ്യക്ഷത വഹിച്ചു. അഥിതിയായി ബയോളജിക്കൽ സർവെ ഓഫ് ഇന്ത്യയിലെ ശാസ്ത്രജ്ഞൻ ഡോ. സി.കെ.മൂർത്തി എത്തിയിരുന്നു. ആവേശഭരിതനായാണ് അദ്ദേഹം കുട്ടികളോടൊപ്പം ചിലവഴിച്ചത്. പങ്കെടുത്ത മുഴുവൻ കുട്ടികൾക്കും സർട്ടിഫിക്കറ്റ് നൽകി.

സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസിലേക്ക് തെരെഞ്ഞെടുത്ത കുട്ടികൾക്ക് സമ്മാന പുസ്തകങ്ങൾ നൽകി. ക്യാമ്പ് ഡയറക്ടർ കെ.കെ.സുരേഷ് കുമാർ നന്ദി പറഞ്ഞു. രണ്ടു ദിവസത്തെ ക്യാമ്പിന് കൽപ്പറ്റ മേഖല സെക്രട്ടറി ടി.പി. കമല, പ്രസിഡണ്ട് എം.കെ.ദേവസ്യ മുതിർന്ന പ്രവർത്തകർ നേതൃത്വം നൽകി. നിരവധി പ്രവർത്തകരുടെ പങ്കാളിത്തം ക്യാമ്പിന് ഊർജ്ജം നൽകി. കുട്ടികളും രക്ഷിതാക്കളും തികച്ചും വ്യത്യസ്തമായ അനുഭവങ്ങൾ സൃഷ്ടിച്ച ഈ ക്യാമ്പ് മികവുറ്റതാണെന്ന് വിലയിരുത്തി.

## കുട്ടികളെ സ്വകാര്യ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന കുടുംബങ്ങളെ ബി.പി എൽ ലിസ്റ്റിൽ നിന്നും ഒഴിവാക്കണം

### ആലപ്പുഴ മേഖലാസമ്മേളനം

അമ്പലപ്പുഴ: ഭാരിച്ച ഫീസ് നൽകി കുട്ടികളെ സ്വകാര്യ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന കുടുംബങ്ങളെ ബി.പി എൽ ലിസ്റ്റിൽ നിന്നും ഒഴിവാക്കണമെന്നും സർക്കാർ ശമ്പളം പറ്റുന്ന മുഴുവൻ പേരും തങ്ങളുടെ കുട്ടികളെ പൊതു വിദ്യാലയത്തിൽ പഠിപ്പിക്കുന്നതിന് സർക്കാർ ഉത്തരവുണ്ടാകണമെന്നും കേരള ശാസ്ത്രസാഹിത്യ പരിഷത്ത് അമ്പലപ്പുഴ മേഖല വാർഷികം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. ആമയിട ഗവ: LPS ൽ നടന്ന വാർഷികം പി. രാമചന്ദ്രനെ പ്രസിഡന്റായും എൻ.പ്രകാശിനെ സെക്രട്ടറിയായും തിരഞ്ഞെടുത്തു. വൈസ് പ്രസിഡന്റുമാർ മായാ സുരേഷ്, എം.എം. അഹമ്മദ് കബീർ ജോയിന്റ് സെക്രട്ടറിമാർ കെ. ദീപക്, കിഷോർ കുമാർ, ട്രഷറർ സന്തോഷ് കുമാർ

## 54-ാം സംസ്ഥാന സമ്മേളനം

# 70 വയസ്സ് കഴിഞ്ഞ വയോജനങ്ങളുടെ പ്രശ്നങ്ങൾ സമൂഹം ഏറ്റെടുക്കണം

### "പ്രായവും കരുതലും" സെമിനാർ




ആരോഗ്യ സെമിനാർ മെകേരിയിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി.സുമേഷ് ഉദ്ഘാടനം ചെയ്യുന്നു

"പ്രായവും കരുതലും" ആരോഗ്യ സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി സുമേഷ് മൊകേരിയിൽ ഉദ്ഘാടനം ചെയ്തു. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് 54-ാ മത് സംസ്ഥാന വാർഷികത്തോട് അനുബന്ധിച്ച് പ്രായവും കരുതലും എന്ന വിഷയത്തിൽ കണ്ടെത്തിയ പഠന വിവരങ്ങൾ പ്രായമായവരുടെ പ്രശ്നങ്ങൾ ഗൗരവമായി കണ്ട് നടപടി ഉണ്ടാകുന്നില്ല. 90 വയസ്സിനു മുകളിൽ ഉള്ളവർ ജനസംഖ്യയുടെ ഏതാണ്ട് 10% വരുന്നു ഈ പഠനത്തിൽ വയോധികരിൽ (70 വയസ്സിനു മുകളിൽ) 63% സ്ത്രീകളും 37% പുരുഷൻമാരുമാണ് 56% പേർ പങ്കാളികളെ നഷ്ടപ്പെട്ട് ജീവിക്കുന്നവരാണ്, 39% വിവാഹിതരും 5% അവിവാഹിതരുമാണ്, 81% വിധവകളും 13% വിഭാര്യൻമാരുമാണ്. ഭക്ഷണശീലത്തിൽ 96.3% മിശ്ര ഭക്ഷണരീതിക്കാരാണ്. 10% പേർ മദ്യം ഉപയോഗിക്കുന്നു. 87% മക്കളുടെ കൂടെ താമസിക്കുന്നു, 69 % പേരുടെയും വരുമാനം ഗവ: സാമൂഹ്യ സുരക്ഷാ പെൻഷനാണ് പഠന ഗ്രൂപ്പിന്റെ വാർഷിക വരുമാനം 13297 രൂപയാണ്. പഠന ഗ്രൂപ്പിൽ 68% പേർക്ക് ഉയർന്ന രക്തസമ്മർദ്ദവും 37% ത്തിന് പ്രമേഹവും ഉണ്ട്. 80 % പേരും രാത്രി കാലങ്ങളിൽ മൂത്ര സംബന്ധമായ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. 35% പേർക്കാണ് കിടപ്പുമുറിക്ക് അടുത്ത്ടോയ് ലറ്റ് സൗകര്യമുള്ളത്. കാഴ്ചക്കുറവ് 53% പേരിലും നടക്കുവാൻ പ്രയാസം 50% പേർക്കുമുണ്ട്. പാലിയേറ്റീവ് സൗകര്യങ്ങൾ ഫലപ്രദമാകുന്നില്ല. കേരള സമൂഹത്തിൽ വയോജനങ്ങളുടെ എണ്ണം വർധിച്ചിട്ടുണ്ട് ഇതിൽ ഭൂരിഭാഗവും സ്ത്രീകളുമാണ്. വയോജനങ്ങൾക്കു വേണ്ടി കരട് നിയമം തയ്യാറാക്കി വിപുലമായി ചർച്ച ചെയ്യണം വയോജന സൗഹൃദാന്തരീക്ഷം എല്ലാം വേളയിലും പരിഗണിക്കണംകേരള ശസ്ത്ര സാഹിത്യ പരിഷത്ത് 54-ാ മത് സംസ്ഥാന സമ്മേളന സ്വാഗത സംഘമാണ് ഇത്തൊരമൊരു പഠനം പ്രവർത്തനത്തിന് തയ്യാറായത്. പരിഷത്ത് പാനൂർ മേഖല കമ്മിറ്റിയാണ് പഠനം ഏറ്റെടുത്തത്. മൊകേരി ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിലെ 70 വയസ്സിനു മുകളിലുള്ളവരെയാണ് പഠനത്തിന് തിരഞ്ഞെടുത്തത്. ഡോ. സരിൻ എസ്, കെഹരിദാസൻ, ജനസ്വാസ്ത അഭിയാൻ, പി.എം പ്രജിത്ത് ഹെൽത്ത് ഇൻസ്പെക്ടർ എം.പി ഭട്ടതിരിപ്പാട്, എം.വിജയകുമാർ, എൻ.കെ ജയപ്രസാദ് തുടങ്ങിയവരാണ് പരിഷത്തിന് വേണ്ടി പഠനത്തിന് നേതൃത്വം നൽകിയത്. ഐ.വി ദാസ് പഠനകേന്ദ്രം മൊകേരി എന്ന സ്ഥാപനത്തിന്റെ സഹായവും പരിഷത്തിന് പ്രായവു കരുതലും എന്ന വയോജനങ്ങളുടെ പഠനത്തിന് ലഭിച്ചു.

# ദക്ഷിണേന്ത്യൻ ബാലോത്സവം



ദക്ഷിണേന്ത്യൻ ബാലോൽസവം കണ്ണൂർ കലക്ടർ മിർ മുഹമ്മദലി ഉദ്ഘാടനം ചെയ്യുന്നു

മാടായി : ശാസ്ത്രസാഹിത്യ പരിഷത്ത് 54-ാം വാർഷിക സമ്മേളനത്തിനോട് അനുബന്ധിച്ച് ദക്ഷിണേന്ത്യൻ ബാലോത്സവം മാടായി മേഖലയിൽ കുളപ്രത്ത് വച്ച് നടന്നു. ഏപ്രിൽ 5 മുതൽ 7 വരെയാണ് ബാലോത്സവം സംഘടിപ്പിച്ചത്. കർണ്ണാടക, തമിഴ്നാട്, ആന്ധ്രാ പ്രദേശ്, തെലുങ്കാന, പോണ്ടിച്ചേരി തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ നിന്നുമായി 250 കുട്ടികൾ പങ്കെടുത്തു. വിവിധ ശാസ്ത്രപ്രവർത്തനങ്ങളും നിരീക്ഷണ പ്രവർത്തനങ്ങളുമാണ് ബാലോൽസവത്തിൽ നടക്കുന്നത്. ബാലോത്സവം കണ്ണൂർ ജില്ലാ കലക്ടർ മിർ മുഹമ്മദലി ഐ.എ.എസ് ഉദ്ഘാടനം ചെയ്തു. കുഞ്ഞികൃഷ്ണൻ, കെ.പി രാമകൃഷ്ണൻ, ഇ.ആർ.രഞ്ചിത്ത് ബാബു, വി.ചന്ദ്രബാബു, പി പ്രസാദ്, എം.ദിവാകരൻ, കെ വിനോദ്, ഒ.സി ബേബി ലത എന്നിവർ പ്രസംഗിച്ചു

# പാലക്കാട് ജില്ല ബാലശാസ്ത്രകോൺഗ്രസ് സമാപിച്ചു



ആർ.എ.ആർ.എസ്. അസോസിയേറ്റ് ഡയറക്ടർ ഡോ.എം.സി. നാരായണൻ കുട്ടി ജില്ല ബാലശാസ്ത്ര കോൺഗ്രസ് ഉദ്ഘാടനം ചെയ്യുന്നു.

പട്ടാമ്പി : ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ആഭിമുഖ്യത്തിൽ, ഏപ്രിൽ 1,2 തിയതികളിൽ പട്ടാമ്പി റീജിയണൽ അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷനിൽ നടന്ന പാലക്കാട് ജില്ല ബാലശാസ്ത്ര കോൺഗ്രസ് സമാപിച്ചു. RARS അസോസിയേറ്റ് ഡയറക്ടർ ഡോ.എം.സി.നാരായണൻ കുട്ടി ഉദ്ഘാടനം ചെയ്തു. പട്ടാമ്പി മേഖല പ്രസിഡണ്ട് ജയകുമാറിന്റെ അധ്യക്ഷതയിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിന് സംഘാടക സമിതി കൺവീനർ സ്വാഗതവും ജില്ല വിദ്യാഭ്യാസ കൺവീനർ നന്ദിയും പറഞ്ഞു. എം.എം.പരമേശ്വരൻ വിശദീകരണം നടത്തി.

കൃഷിയുമായി ബന്ധപ്പെട്ട ഉപകാരികളും ഉപദ്രവകാരികളും ആയ സൂക്ഷ്മ ജീവികളെക്കുറിച്ച് ഡോ.രാജി ക്ലാസെടുത്തു. തുടർന്ന് കുട്ടികൾ തയ്യാറാക്കി വന്ന പ്രോജക്ടുകൾ അവതരിപ്പിച്ചു. ഹൈഡ്രോസ് മാഷുടെ നേതൃത്വത്തിൽ വാനനിരീക്ഷണം നടന്നു.

രണ്ടാം ദിവസം കാലത്ത് 6.30ന് പൂർണിമയുടെ നേതൃത്വത്തിൽ പക്ഷി നിരീക്ഷണം നടന്നു. കാലാവസ്ഥ നിരീക്ഷണ കേന്ദ്രം സന്ദർശിച്ചു. കാലാവസ്ഥയെക്കുറിച്ച് ഡോ.സുനിൽ ക്ലാസെടുത്തു. 6 വീതം കുട്ടികളെ കോഴിക്കോട് സർവകലാശാലയിൽ നടക്കുന്ന സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ്സിലേക്ക് തെരഞ്ഞെടുത്തു. പ്രൊഫ. സുമ, അശോകൻ, പി.ടി.രാമചന്ദ്രൻ എന്നിവർ സമ്മാന ദാനം നിർവഹിച്ചു.

# സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ്

### അനുബന്ധ ശാസ്ത്രപുസ്തകോത്സവം




കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ശാസ്ത്രപുസ്തകോത്സവം യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോ.ടി.എ.അബ്ദുൾ മജീദ് ഉദ്ഘാടനം ചെയ്യുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി : 2017 ഏപ്രിൽ 20,21,22 തിയതികളിൽ നടക്കാനിരിക്കുന്ന സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസിന്റെ അനുബന്ധമായി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ സംഘടിപ്പിച്ച മൂന്നു ദിവസത്തെ ശാസ്ത്രപുസ്തകോത്സവം ബാലശാസ്ത്ര കോൺഗ്രസിന്റെ വിളംബരമായി. ഒരു ലക്ഷത്തിൽപ്പരം രൂപയുടെ പുസ്തകം പ്രചരിപ്പിച്ചു. ചൂടാറാപ്പെട്ടി, സോപ്പ് തുടങ്ങിയ പരിഷത്ത് ഉല്പന്നങ്ങളും കാസ്റ്റാളിൽ ഒരുക്കിയിരുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോ.അബ്ദുൾ മജീദ് പുസ്തകോത്സവം ഉദ്ഘാടനം ചെയ്തു. മൂന്നുദിവസമായി വൈകുന്നേരങ്ങളിൽ പുസ്തകോത്സവവേദിയിൽ നടത്തിയ പ്രഭാഷണ പരമ്പരയിൽ ഡോ.അനിൽ ചേലേമ്പ്ര (പൊതുവിദ്യാഭ്യാസവും കേരള സംസ്കാരവും), എം.എം.സചീന്ദ്രൻ (സാക്ഷരകേരളത്തിലെ സ്ത്രീ), ഡോ.പി.മുഹമ്മദ് ഷാഫി (ജലസുരക്ഷ ജീവൻസുരക്ഷ) എന്നിവർ വിഷയാവതരണം നടത്തി. കാവ്യസന്ധ്യ, സിനിമാപ്രദർശനം എന്നിവയും ഉണ്ടായിരുന്നു. പരിഷത്ത് തിരൂരങ്ങാടി മേഖലാകമ്മിറ്റിയുടെ നേതൃത്വത്തിൽ രൂപവൽക്കരിച്ച സ്വാഗതസംഘമാണ് പരിപാടികൾ സംഘടിപ്പിച്ചത്.

# സി. രാധാകൃഷ്ണന്റെ പ്രപഞ്ചോൽപ്പത്തി സിദ്ധാന്തം - കെ. പാപ്പൂട്ടി

മലയാളത്തിലെ പേരുകേട്ട എഴുത്തുകാരൻ ശ്രീ സി രാധാകൃഷ്ണൻ പ്രപഞ്ചോൽപ്പത്തി സംബന്ധിച്ച് ഒരു പുതിയ സിദ്ധാന്തം അവതരിപ്പിച്ചിരിക്കുന്നു. 'അവ്യക്ത: ദി ഫാബ്രിക് ഓഫ് സ്പേസ്' എന്ന പേരിൽ അദ്ദേഹവും മകൻ കെ.ആർ.ഗോപാലും ചേർന്ന് 'പ്രിസ്പേസ് ടൈം ജർണൽ' എന്ന അമേരിക്കൻ മാസികയിലാണ് അത് പ്രസിദ്ധീകരിച്ചത് (Prespace time journal, vol-7, issue-16). 'പ്രിസ്പേസ് ടൈം ക്വാണ്ടം ഡ്രീം ഇൻക്' എന്ന സ്ഥാപനം 2000-മാണ്ടു മുതൽ പ്രസിദ്ധീകരിച്ചുവരുന്ന ജർണലാണിത്. ഇവരുടെ മറ്റൊരു പ്രസിദ്ധീകരണമാണ് 'സയന്റിഫിക് ഗോഡ് ജർണൽ'. പ്രപഞ്ചസൃഷ്ടിയിലും ജീവന്റെ സൃഷ്ടിയിലും ശാസ്ത്രജ്ഞർ ദൈവത്തിന് ശരിയായ സ്ഥാനം നൽകാത്തതിൽ എതിർപ്പുള്ള ഒരു ഗ്രൂപ്പാണ് ഇവരുടേത്. ശ്രീ. രാധാകൃഷ്ണന്റെ ലേഖനത്തിലെവിടെയും ദൈവം നേരിട്ടു കടന്നുവരുന്നില്ല എന്ന കാര്യം ശ്രദ്ധേയമാണ്.

ശ്രീ രാധാകൃഷ്ണനും ഗോപാലും പ്രബന്ധത്തിലുന്നയിക്കുന്ന മുഖ്യ വിമർശനം ഇന്നത്തെ പ്രപഞ്ചോൽപ്പത്തി സിദ്ധാന്തങ്ങളിലെല്ലാം പദാർത്ഥത്തിന് പ്രാമുഖ്യം നൽകുന്നു എന്നതാണ്. സ്പേസിനെ പദാർത്ഥങ്ങൾക്കിടയിലെ ശൂന്യസ്ഥലമായി മാത്രം കാണുന്നു. തങ്ങളുടെ പുതിയ സിദ്ധാന്തത്തിൽ പ്രഥമസ്ഥാനം 'അവ്യക്ത' എന്നു വിളിക്കുന്ന സ്പേസിനാണ്. അവ്യക്തയുടെ അവസ്ഥാന്തരങ്ങളാണ് കണങ്ങളും അവ ചേർന്നുണ്ടാകുന്ന പദാർത്ഥവും. അവ്യക്തയുടെ സൂക്ഷ്മരൂപങ്ങളിൽ നിന്ന് ചുരുൾ നിവരുന്നതാണ് കണങ്ങൾ. അവ സ്പേസിലെ സ്പന്ദങ്ങളാണ്. അവ്യക്തയുടെ 'വീര്യം' പ്രപഞ്ചത്തിലെല്ലാ ഇടങ്ങളിലും അനുനിമിഷം മാറുമ്പോൾ കണങ്ങൾ പിറക്കുകയും നിലനിൽക്കുകയും വിലയിക്കുകയും ചെയ്യുന്നു. കടുപ്പമേറിയ വീര്യം സുശക്ത ആണവബലമായും ഇടത്തരം വീര്യം ദുർബല ആണവ ബലമായും നന്നെ കുറഞ്ഞ വീര്യം ഗുരുത്വബലമായും പ്രത്യക്ഷപ്പെടുന്നു.

അവ്യക്തയ്ക്ക് മൂന്ന് അവസ്ഥകളാണ് സാധ്യമായിട്ടുള്ളത്. ടഫ്, ഹംബ്ൾ, ഫ്ളാറ്റ് (Toug, Humble, Flat). ടഫ് ആയിരിക്കുമ്പോൾ അവ്യക്ത വികസിക്കുന്ന സ്വഭാവം കാണിക്കും. (അതാണ് ഇന്നത്തെ പ്രപഞ്ചാവസ്ഥ). ഹംബ്ൾ ആകുമ്പോൾ പ്രപഞ്ചം ചുരുങ്ങും. രണ്ടുമില്ലാത്ത അവസ്ഥയാണ് ഫ്ളാറ്റ്. ഇപ്പോൾ ടഫ് അവസ്ഥയിലുള്ള പ്രപഞ്ചം വിദൂര ഭാവിയിൽ ഹംബിൾ ആകും; വീണ്ടും ടഫ് ആകും. അവ്യക്തയ്ക്ക് ചാക്രിക സ്വഭാവം ഉണ്ടെന്നർത്ഥം. ടഫ് ആയിരിക്കുമ്പോൾ കണങ്ങൾ മാത്രമേ സ്വാഭാവികമായി സൃഷ്ടിക്കപ്പെടുകയുള്ളൂ; പ്രതികരണങ്ങൾ സൃഷ്ടിക്കപ്പെടില്ല. (കണങ്ങൾ തമ്മിൽ ശക്തമായി കൂട്ടിയിടിക്കുമ്പോൾ ഉണ്ടാകുന്ന പ്രതികരണങ്ങൾ ഇക്കൂട്ടത്തിൽ പെടില്ല.) അതുപോലെ ഹംബ്ൾ അവസ്ഥയിൽ പ്രതികണങ്ങൾ മാത്രമായിരിക്കും സ്വാഭാവികമായി ഉൽപ്പാദിപ്പിക്കപ്പെടുക. അവ്യക്ത ഇപ്പോൾ ടഫ് അവസ്ഥയിൽ ആണെങ്കിലും അത് ദുർബലമായിക്കൊണ്ടിരിക്കുകയാണ്. ഹംബ്ൾ ആകാനുള്ള ഒരുക്കത്തിലാണത്.

രസകരമായ വസ്തുത, 2011ലെ നൊബേൽ സമ്മാനം അഡം റെയ്സ്സ്, സോൾപെരിമുട്ടർ, ബ്രയാൻ ഷ്മിഡ്ത് എന്നിവർക്കു നൽകിയത് പ്രപഞ്ചവികാസത്തിന്റെ നിരക്ക് കുറയുകയല്ല, മറിച്ച് കൂടുകയാണ് എന്ന് നിരീക്ഷണങ്ങളിലൂടെ കണ്ടെത്തിയതിനാണ്. അതിനുശേഷം ആറു വർഷം കഴിഞ്ഞ് എഴുതിയ പ്രബന്ധത്തിൽ അതിനെ സൂചിപ്പിക്കാനോ വിശദീകരണം നൽകാനോ പ്രബന്ധകാരന്മാർ തയ്യാറായിട്ടില്ല എന്നതു വിചിത്രമായി തോന്നുന്നു.

> **മറ്റ് പ്രപഞ്ചസിദ്ധാന്തങ്ങളെല്ലാം സ്പേസിനെ ശൂന്യതയായാണ് കണക്കാക്കുന്നതെന്നും പദാർഥത്തിനു മാത്രമേ പ്രാധാന്യം കൽപ്പിക്കുന്നുള്ളൂ എന്നും ഉള്ള രാധാകൃഷ്ണന്റെ വിമർശനവും വസ്തുതാപരമല്ല. ഭൗതികശാസ്ത്രത്തിൽ എപ്പോഴും ഊന്നിപ്പറയുന്ന കാര്യമാണ് ശുദ്ധശൂന്യത എന്നൊന്നില്ല, ഭൗതികശൂന്യത (Physical vacuum) മാത്രമേ ഉള്ളൂ എന്നത്.**

മറ്റ് പ്രപഞ്ചസിദ്ധാന്തങ്ങളെല്ലാം സ്പേസിനെ ശൂന്യതയായാണ് കണക്കാക്കുന്നതെന്നും പദാർഥത്തിനു മാത്രമേ പ്രാധാന്യം കൽപ്പിക്കുന്നുള്ളൂ എന്നും ഉള്ള രാധാകൃഷ്ണന്റെ വിമർശനവും വസ്തുതാപരമല്ല. ഭൗതികശാസ്ത്രത്തിൽ എപ്പോഴും ഊന്നിപ്പറയുന്ന കാര്യമാണ് ശുദ്ധശൂന്യത എന്നൊന്നില്ല, ഭൗതികശൂന്യത (Physical vacuum) മാത്രമേ ഉള്ളൂ എന്നത്. സ്പേസ് ഊർജസാന്ദ്രമാണ്. ഗുരുത്വക്ഷേത്രം, വിദ്യുത് കാന്തികക്ഷേത്രം, സുശക്തബലക്ഷേത്രം, അശക്തബലക്ഷേത്രം, ഹിഗ്ഗ്സ് ക്ഷേത്രം ഇവയെല്ലാം സ്പേസിലുണ്ട്. അവയുടെ ക്ഷേത്രക്വാണ്ടങ്ങൾ സ്പേസിൽ സൃഷ്ടിക്കപ്പെടുകയും വിലയം പ്രാപിക്കുകയും ചെയ്തുകൊണ്ടിരിക്കും. ഐൻസ്റ്റൈൻ തന്റെ സാമാന്യ ആപേക്ഷികതാസിദ്ധാന്തം അവതരിപ്പിച്ച് ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ (1917) വില്യം ഡിസിറ്റർ അതുപയോഗിച്ചുള്ള നിർധാരണത്തിലൂടെ വികസിക്കുന്ന പ്രപഞ്ചമെന്ന ആശയം അവതരിപ്പിച്ചു. അത് വെറും സ്പേസ് മാത്രമുള്ള, പദാർഥരഹിത പ്രപഞ്ചമായിരുന്നു. പിന്നീടാണ് അലക്സാണ്ടർ ഫ്രീദ്മാനും (1922) ലമയ്റ്ററും (1927) പദാർഥം കൂടി ഉൾപ്പെട്ട പ്രപഞ്ചത്തിന്റെ വികാസം നിർധരിച്ചത്.

പല കാരണങ്ങളാൽ ശ്രീ രാധാകൃഷ്ണനും ഗോപാലനും അവതരിപ്പിക്കുന്നത് ഒരു ശാസ്ത്രപ്രബന്ധമല്ല എന്നു പറയാതെ വയ്യ. ഒന്ന്, അത് പ്രസിദ്ധീകരിച്ചത് പിയർ റിവ്യൂ നടത്തി എഡിറ്റുചെയ്യുന്ന ഒരു ശാസ്ത്രജർണലിലല്ല; ദൈവശാസ്ത്രജ്ഞർ പ്രസിദ്ധീകരിക്കുന്ന ജെർണലിലാണ്. രണ്ട്, ഒറ്റ സമവാക്യം പോലുമില്ലാതെ 19 പേജുകളിൽ നിറയെ ഊഹാപോഹങ്ങൾ നിരത്തുകയാണ് ചെയ്തിരിക്കുന്നത്. പ്രപഞ്ച (അവ്യക്തയുടെ) വികാസത്തിന്റെ ഏതു ഘട്ടത്തിൽ എന്തൊക്കെ പദാർത്ഥരൂപങ്ങളാണ് ഉടലെടുത്തിരിക്കുക എന്നോ അവയുടെ രൂപാന്തരണം എങ്ങനെ സംഭവിച്ചു എന്നോ വിശദമാക്കാനുള്ള ശ്രമം പോലും കാണാനില്ല. 'ടഫ്'ന്റെ വ്യതിയാനം കൊണ്ടാണ് പദാർഥകണങ്ങൾ സൃഷ്ടിക്കപ്പെടുന്നത് എന്നു പറയുമ്പോൾത്തന്നെ വ്യത്യസ്തതരം കണങ്ങളെ പ്രതിനിധീകരിക്കുന്ന 'ടഫ് വ്യതിയാനങ്ങളെ' ഗണിതപരമായി അവതരിപ്പിക്കേണ്ടത് ആവശ്യമാണല്ലോ. മൂന്ന്, ഏതൊരു ശാസ്ത്രതത്ത്വത്തിനും ഉണ്ടാകേണ്ട ഗുണങ്ങളാണല്ലോ പ്രവചനക്ഷമതയും അസത്യവൽക്കരണക്ഷമതയും (falsifiabiltiy). ഉദാഹരണത്തിന്, ബുധന്റെ പരിക്രമണഅക്ഷത്തിന്റെ പുരസ്സരണം (precession), സൂര്യസമീപത്തുകൂടി കടന്നുവരുന്ന നക്ഷത്രപ്രകാശത്തിന് സ്ഥലകാലവക്രത മൂലമുണ്ടാകുന്ന പഥവ്യതിചലനം ഇവ ഐൻസ്റ്റൈന്റെ സാമാന്യ ആപേക്ഷികതാസിദ്ധാന്തത്തിന്റെ പ്രവചനങ്ങളിൽപ്പെടും. രണ്ടും നിരീക്ഷണങ്ങളിലൂടെ സാധൂകരിക്കപ്പെടുകയും ചെയ്തു. എന്നാൽ ഇത്തരം ഒരു പ്രവചനം ശ്രീ. രാധാകൃഷ്ണന്റെ സിദ്ധാന്തത്തിൽ നിന്നു ലഭ്യമല്ല. അവ്യക്ത സിദ്ധാന്തം തെറ്റോ ശരിയോ എന്നു തെളിയിക്കാനുതകുന്ന എന്തെങ്കിലും ഒരു പരീക്ഷണത്തിനു സാധ്യത കാണുന്നില്ല. ചുരുക്കത്തിൽ അവ്യക്ത സിദ്ധാന്തം പ്രയോജനരഹിതവും ശാസ്ത്രത്തെ ഒട്ടും മുന്നോട്ടു നയിക്കാത്തതുമാണ്. ഇന്ത്യൻ പ്രാചീന തത്ത്വചിന്തകളിലെ ബ്രഹ്മം എന്ന ആശയത്തോടാണ് അവ്യക്തയ്ക്ക് സാധർമ്യം.

അവ്യക്ത എന്ന പേര് താൻ സ്വീകരിച്ചത് ഭഗവദ്ഗീതയിലെ ഒരു ശ്ലോകത്തിൽ നിന്നാണെന്ന് ശ്രീ.രാധാകൃഷ്ണൻ പറയുന്നുണ്ട്. അതെന്തായാലും നന്നായി. പക്ഷേ, അൽപ്പം ഔചിത്യക്കുറവുണ്ടെന്നു മാത്രം. കാരണം ഗീതയിൽ അതു വരുന്നത് പ്രപഞ്ചോൽപ്പത്തിയുമായി ബന്ധപ്പെട്ടല്ല, മനുഷ്യജന്മവുമായി ബന്ധപ്പെട്ടാണ്. നമ്മൾ ജനിക്കുന്നതും അവ്യക്തയിൽ നിന്ന്, മരിച്ചശേഷവും അവ്യക്തയിൽത്തന്നെ. അതിനിടയ്ക്ക് ഇവിടെ ജീവിക്കുന്ന കുറച്ചുകാലം നിഷ്കാമകർമം ചെയ്യുക. ഇപ്പോൾ നിന്റെ കർമം ഗുരുക്കളെയും ബന്ധുക്കളെയുമെല്ലാം അസ്ത്രം കൊണ്ട് അരിഞ്ഞുവീഴ്ത്തുകയാണ്. അതുകൊണ്ട് പാർഥാ എഴുന്നേറ്റ് അസ്ത്രം തൊടുക്കൂ എന്ന് കൃഷ്ണൻ ഉപദേശിക്കുന്നതാണ് സന്ദർഭം.

പേര് എവിടെ നിന്നെടുത്തു എന്നത് അത്ര പ്രധാനകാര്യമല്ല. പക്ഷേ, രാധാകൃഷ്ണന്റെ പുതിയ പ്രപഞ്ചസിദ്ധാന്തത്തെ 'സയൻസ്' എന്ന അർഥത്തിൽ ശാസ്ത്രമെന്നു വിളിക്കാൻ ശാസ്ത്രലോകം തയ്യാറാകുമെന്നു തോന്നുന്നില്ല. പകരം 'ശാസിക്കപ്പെട്ടത്' എന്ന പഴയ അർഥത്തിൽ വിളിക്കുന്നതിൽ ആർക്കും വിരോധമുണ്ടാവില്ലതാനും.

# വാർഷികസമ്മേളനത്തെ വരവേൽക്കാൻ കണ്ണൂർ ഒരുങ്ങി

ഏപ്രിൽ 28,29, 30 തീയതികളിലായി കണ്ണൂർ നഗരത്തിലെ സെന്റ് മൈക്കിൾസ് ബോയ്സ് സ്കൂളിൽ വെച്ചാണ് വാർഷിക സമ്മേളനം നടക്കുന്നത്. സംഘടനക്ക് ഏറ്റവും സ്വാധീനശേഷിയുള്ള ജില്ലയിൽ നടക്കുന്ന ഈ സമ്മേളനം ഒരു ചരിത്ര സംഭവമാക്കി മാറ്റാൻ സ്വാഗത സംഘവും ജില്ലയിലെ പരിഷത്ത്പ്രവർത്തകരും അവസാനവട്ട ഒരുക്കങ്ങളിലാണ്.

ജില്ലാ പഞ്ചായത് പ്രസിഡണ്ട് കെ.വി സുമേഷ് ചെയർമാനും ടി ഗംഗാധരൻ മാസ്റ്റർ കൺവീനറുമായുള്ള സ്വാഗതസംഘം കഴിഞ്ഞ നവംബറിൽതന്നെ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. തുടർന്ന് സംഘടനയുടെ ചരിത്രത്തിൽ ഇതുവരെയില്ലാത്ത വിധം അതി വിപുലായ അനുബന്ധ പരിപാടികളാണ് ജില്ലയുടെ വിവിധ ഭാഗങ്ങളിലായി അരങ്ങേറിയത്. മൂന്ന് വിധത്തിലുള്ള പരിപാടികളാണ് മുഖ്യമായും നടന്നത്. 1. യൂണിറ്റ് തലത്തിൽ നടന്ന ശാസ്ത്ര ക്ലാസ്സുകൾ 2. മേഖലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട പ്രാദേശിക സെമിനാറുകൾ.3. വിവിധ വിഷയങ്ങൾ അധികരിച്ചുള്ള കേന്ദ്ര സെമിനാറുകൾ, സംഗമങ്ങൾ.

അനുബന്ധ പരിപാടികളുടെ ഉദ്ഘാടനം 2016 നവംബർ 20 ന് ഏച്ചൂരിൽ നടന്നു. കണ്ണൂർജില്ലാ കാർഷിക ശില്പശാലയായിരുന്നു പരിപാടി. ടി. ഗംഗാധരൻ മാസ്റ്റർ കേരളത്തിലെ പുത്തൻ കൃഷിസാധ്യതകൾ എന്ന വിഷയം അവതരിപ്പിച്ചുകൊണ്ട് ഉദ്ഘാടനം ചെയ്തു. തനിമ കുടുംബകൃഷി പ്രവർത്തനങ്ങൾ(കെ പുരുഷോത്തമൻ), പച്ചക്കറികൃഷിയിലെ ഇടപെടൽ(വി.ഒ പ്രഭാകരൻ), തിരിനനകൃഷി എങ്ങിനെ(ബിന്ദു വിനോദ്), കിണർ റീചാർജിംഗ് (ടി.വി നാരായണൻ) എന്നി വിഷയങ്ങൾ അവതരിപ്പിച്ചു.

ശാസ്ത്രക്ലാസ്സുകളുടെ ജില്ലാതല പരിശീലന പരിപാടി ഡിസംബർ 3 ന് കൊട്ടിയൂരിൽ നടന്നു. സണ്ണി ജോസഫ് എം എൽ എ ആണ് ക്യാമ്പ് ഉദ്ഘാടനം ചെയ്തത്. ശാസ്ത്രവും ശാസ്ത്രാവബോധവും(ടി.ജി), ഭാരതത്തിന്റെ ശാസ്ത്രപൈതൃകം(ടി. കെ.ഡി), കാലാവസ്ഥാമാറ്റവും ജലസുരക്ഷയും(ടി.വി നാരായണൻ), ഊർജസംരക്ഷണം(പട്ടൻഭാസ്കരൻ), ഭക്ഷണത്തിന്റെ ശാസ്ത്രം (പ്രൊഫ. എൻ.കെ ഗോവിന്ദൻ),ശാസ്ത്രീയകൃഷിയും ജൈവകൃഷിയും-( പദ്മനാഭൻ), പരിസ്ഥിതിയും വികസനവും(വി. ചന്ദ്രബാബു), കേരള നവോത്ഥാനവും യുക്തിചിന്തയും (പ്രൊഫ.കെ ബാലൻ), സ്ലൈഡ് പ്രസന്റേഷൻ എങ്ങിനെ (വി.പി തങ്കച്ചൻ) എന്നീ വിഷയങ്ങളിലാണ്

പരിശീലനം നടന്നത്. തുടർന്ന് ഡിസംബർ 10ന് തെരുവോരക്ളാസ്സുകളുടെ മേഖലാതല ഉദ്ഘാടനം വിവിധകേന്ദ്രങ്ങളിൽ നടന്നു. 1500 ഓളം ശാസ്ത്രക്ലാസ്സുകളാണ് യൂണിറ്റുകളുടെ മുൻകയ്യിൽ വായനശാല, വീട്ടുമുറ്റം, കുടുംബശ്രീ, വിദ്യാലയങ്ങൾ, തെരുവോരം എന്നിങ്ങനെയുള്ള വേദികളിലായി സംഘടിപ്പിക്കപ്പെട്ടത്. ഏറ്റവും കൂടുതൽ ക്ലാസ്സുകൾ നടന്നത് ഇന്നത്തെ ജീവൽ പ്രധാന വിഷയമായ കുടിവെള്ളം സംബന്ധിച്ചാണ്.

ഊർജസംരക്ഷണം, നോട്ട് പ്രതിസന്ധി, ശാസ്ത്രവും ശാസ്ത്രാവബോധവും, കേരള സമൂഹവും യുക്തി ചിന്തയും, ജ്യോതിഷവും ജ്യോതിശാസ്ത്രവും തുടങ്ങിയ വിഷയങ്ങളിലും ക്ലാസ്സുകൾ നടന്നു.

**മേഖലാകമ്മിറ്റികളുടെ മുൻകയ്യിൽ നടന്ന സെമിനാറുകൾ ഇപ്രകാരമാണ്.**

എടക്കാട് മേഖലയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 18 ന് ചക്കരക്കല്ലിൽ നടന്ന നാളത്തെ കേരളം ജനപക്ഷ വികസന സെമിനാർ പ്ലാനിംഗ് ബോർഡംഗം ഡോ രവിരാമൻ, ഉദ്ഘാടനം ചെയ്തു. ഡോ എ. പി കുട്ടികൃഷ്ണൻ പ്രബന്ധം അവതരിപ്പിച്ചു. ഡിസംബർ 25 ന് കാടാച്ചിറയിൽ വെച്ച് ഊർജ ശില്പശാല നടന്നു. പുനരുപയോഗ ഊർജസാധ്യതകളെകുറിച്ച് വിശേഷിച്ച് സൗരോർജത്തെപ്പറ്റി തന്റെ അന്താരാഷ്ട്ര അനുഭവം മുൻനിർത്തി പ്രൊഫ. വി.കെ ദാമോദരൻ ആണ് വിഷയം അവതിപ്പിച്ചത്. കേരളത്തിൽ നെല്ലൃഷി സാധ്യമാണ് എന്ന സെമിനാർ ഫെബ്രുവരി 16ന് പേരാവൂർ മേഖലാകമ്മിറ്റിയാണ് സംഘടിപ്പിച്ചത്. തളിപ്പറമ്പ് മുൻ എം എൽ എ സികെപി പദ്മനാഭൻ ഉദ്ഘാടനം ചെയ്തസെമിനാറിൽ പ്രാദേശികമായി നടത്തിയ നെൽകൃഷിയുടെ അടിസ്ഥാനത്തിലാണ് ചർച്ച നടന്നത്. കേരളത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളും പൊതുസമൂഹവും ഭരണകൂടവും ഒന്നിച്ചു നിന്നാൽ നെൽകൃഷി സാധ്യമാണെന്നും കർഷകരുടെ കൂട്ടായ്മയിലൂടെ വളർന്നുവന്ന സഹകരണ സ്ഥാപനങ്ങൾ കർഷകർക്ക് മുൻഗണന കൊടുക്കണമെന്നുമായിരുന്നു സെമിനാറിൽ ഉയർന്നു വന്ന നിർദേശം. ആർ രാധാകൃഷ്ണൻ (അണ്ണൻ) മോഡറേറ്റർ ആയ സെമിനാറിൽ സുഷമവിശ്വനാഥൻ ആണ് വിഷയമവതരിപ്പിച്ചത്. കണ്ണൂർ ജില്ലയിലെ പ്രധാന ജലസേചന പദ്ധതിയായ് ആരംഭിച്ച പഴശ്ശി ഇറിഗേഷൻ പ്രോജക്ടിന്റെ ഇന്നത്തെ അവസ്ഥയും അതിനെ ഗുണപരമായി മാറ്റി തീർക്കുന്നതിനായുള്ള നിർദേശങ്ങൾ മുൻനിർത്തിയുമായിരുന്നു ഫെബ്രുവരി 25 ന് ഇരിട്ടി മേഖല സംഘടിപ്പിച്ച ശില്പശാല. പേരാവൂർ എം എൽഎ സണ്ണിജോസഫ് ഉൽഘാടനം ചെയ്ത പരിപാടിയിൽ CWRDM സയന്റിസ്റ്റ് സി.എം സുശാന്ത്, എം വിജയകുമാർ എന്നിവർ അവതരിപ്പിച്ച പ്രബന്ധങ്ങളെ അടിസ്ഥാനമാക്കിയായിരുന്നു ചർച്ച. കണ്ണൂർ ജില്ലയുടെ പ്രധാന വ്യവസായ മേഖലയായ കൈത്തറി വ്യവസായ വികസനം സംബന്ധിച്ചായിരുന്നു കൂടാളിമേഖല നടത്തിയ ഏപ്രിൽ 7 ന്റെ സെമിനാർ. മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്ത സെമിനാറിൽ കണ്ണൂർ ഐഐഎച്ച്ടിഡയറക്ടർ കെ ചന്ദ്രൻ, സന്തോഷ് കെ വി എന്നിവരാണ് പ്രബന്ധങ്ങൾ അവതരിപ്പിച്ചത്. ജില്ലയിലെ കൈത്തറിമേഖലയെ പുനരുദ്ധരിക്കുന്നതിനും നവീകരിക്കുന്നതിനും വേണ്ട മൂർത്തമായ നിർദ്ദേശങ്ങൾ അവിടെ ഉയർന്നുവന്നു. എഴുപത് പിന്നിട്ട വൃദ്ധജനങ്ങളുടെ മാനസികവും ആരോഗ്യപരവുമായ പ്രശ്നങ്ങളെ മുൻനിർത്തിയായിരുന്നു ഏപ്രിൽ ഒമ്പതിന് പാനൂർമേഖല സംഘടിപ്പിച്ച പ്രായവും കരുതലും എന്ന സെമിനാർ. മേഖലയിലെ പരിഷത്ത് പ്രവർത്തകർ ജില്ല ആരോഗ്യ വിഷയസമിതിയുടെ സഹായത്തോടെ ഒരു വാർഡിൽ നടത്തിയ സർവേ റിപ്പോർട്ടിന്റെ അടിസ്ഥാനമാക്കിയാണ് ചർച്ച നടന്നത്. ഡോ എസ് എം സരിൻ, കെ ഹരിദാസ്, ഡോ എ കെ ജയശ്രീ, എം പി ഭട്ടതിരിപ്പാട് എന്നിവരാണ് പഠനറിപ്പോർട്ട് അവതരിപ്പിച്ച് ചർച്ചയിൽ പങ്കെടുത്തത്. ചെറിയ ഒരു പ്രദേശത്ത് നടത്തിയ പഠനമെങ്കിലും കേരളത്തിലെ വൃദ്ധജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങളുടെ ഒരുനഖചിത്രം രൂപപ്പെടുത്താൻ ഈ പഠനത്തിനും സെമിനാറിനും കഴിഞ്ഞു. സംസ്ഥാനതലത്തിൽ സംഘടനയുടെ വിപുലമായ പഠനവും ശ്രദ്ധയും വേണ്ട വിഷയമാണിത്. ഏപ്രിൽ 22ന് തലശ്ശേരി മേഖലയുടെ നേതൃത്വത്തിൽ പാലയാട് യൂണിവേഴ്സിറ്റി കാമ്പസിൽ വെച്ച് ഉന്നത വിദ്യാഭ്യാസം സംബന്ധിച്ച സെമിനാർ നടക്കും. കണ്ണൂർ സർവ്വകലാശാല മുൻ പ്രൊ വൈസ് ചാൻസലർ ഡോ എപി കുട്ടികൃഷ്ണൻ മുഖ്യ വിഷയാവതരണം നടത്തും. ഡോ ബാബു ജേക്കബ്, ഡോ എസ് ഗ്രിഗറി എന്നിവരും വിഷയാവതരണം നടത്തും.

മൂന്ന് പ്രധാനപ്പെട്ട വിഷയങ്ങളിൽ നടന്ന ദ്വിദിനസെമിനാറുകൾ ഏറെശ്രദ്ധിക്കപ്പെട്ടു. നവലിബറലിസത്തിന്റെ കാൽനൂറ്റാണ്ടിന്റെ അനുഭവം വിലയിരുത്തിക്കൊണ്ടാണ് മാർച്ച് 22,23 തിയതികളിൽ നടന്ന സെമിനാർ ഇതിൽ ആദ്യത്തേത്. കേളപ്പജിയുടെ നേതൃത്വത്തിൽ നടന്ന ഉപ്പ് സത്യഗ്രഹത്തിലൂടെ സ്വാതന്ത്ര്യ സമരചരിത്രത്തിൽ ഇടം നേടിയ , 1992 ൽ പുത്തൻസാമ്പത്തികനയങ്ങൾക്കെതിരെ പരിഷത്തും സ്വാശ്രയസമിതിയും സംഘടിപ്പിച്ച സ്വാശ്രയ പദയാത്ര ഉദ്ഘാടനം ചെയ്യപ്പെട്ട പയ്യന്നൂരിലാണ് ഈ സെമിനാർ സംഘടിപ്പിച്ചത്. ഡോ കെ സമ്പത്ത് എം.പി യാണ് ഉദ്ഘാടനം ചെയ്ത 22 ന്റെ പൊതുപരിപാടിയിൽ വിവിധരാഷ്ട്രീയ നേതാക്കൾ പങ്കെടുത്തു. 23ന് നടന്ന അക്കാദമിക സെഷൻ മുഖ്യ വിഷയത്തിൽ ജില്ലാ പ്രസിഡണ്ട് കെ വിനോദിന്റെ അധ്യക്ഷതയിൽ ആമുഖ ഭാഷണം നടത്തിയത് പ്രൊഫ ടി.പി കുഞ്ഞിക്കണ്ണനാണ്. തുടർന്ന് 7 വേദികളിലായി 16 വിഷയങ്ങൾ അവതരിപ്പിക്കപ്പെട്ടു. കൃഷി(ഡോ ജിജു പി അലക്സ്), ചെറുകിട വ്യവസായം (അനിൽവർമ), ആരോഗ്യം-(ഡോ എ.കെ ജയശ്രീ, ഡോ കെ ജയകൃഷ്ണൻ), വിദ്യാഭ്യാസം (ഡോ വി ശിവദാസൻ, ഡോ സി രാമകൃഷ്ണൻ), ബാങ്കിംഗ് മേഖല(ഡോ എം.ജി മല്ലിക, എ രാഘവൻ), പൊതു ധനകാര്യം (ടി കെ ദേവരാജൻ), ശാസ്ത്ര സാങ്കേതിക രംഗം(ഡോ എൻ കെ ശശിധരൻപിള്ള), ഐ ടി (എം അരുൺ), ജൻഡറും സമൂഹ്യനീതിയും (ഡോ ടി കെ ആനന്ദി), പിന്തള്ളപ്പെട്ട വരുടെ പ്രശ്നങ്ങൾ (ടി ഗംഗാധരൻ), സാംസ്കാരിക രംഗത്തെ ചെറുത്ത് നില്പ് (പ്രൊഫ. കെ ബാലൻ), ട്രേഡ് യൂണിയൻ രംഗത്തെ അനുഭവങ്ങൾ (എം കുഞ്ഞികൃഷ്ണൻ), ദുർബലവിഭാഗങ്ങളുടെ സമരങ്ങൾ (കെ കെ ബാബുരാജ്), ബഹിഷ്കരണവും ബദലുകളും- പ്രൊഫ. ടി.പി കുഞ്ഞിക്കണ്ണൻ എന്നിവയാണവ. പരിഷത്ത്പ്രസിഡണ്ട് ഡോ കെ പി അരവിന്ദൻ, സികെപി പദ്മനാഭൻ, പ്രൊ ടി.പി ശ്രീധരൻ, പി.എം സിദ്ധാർത്ഥൻ, കെ വി ജാനകി, പ്രൊഫ. എൻകെ ഗോവിന്ദൻ എന്നിവരാണ് സെഷനുകൾക്ക് നേതൃത്വം നല്കിയത്. 25 വർഷക്കാലത്തെ ആഗോളവൽകരണനയങ്ങൾ ഒരോ മേഖലയിലും എന്ത് മാറ്റങ്ങൾ വരുത്തി എന്നതാണ് പ്രധാനമായും തിരക്കിയത്. ഉദ്പാദനമേഖലയെ വിപണിയുടെ ചാഞ്ചാട്ടത്തിന് വിധേയമാക്കിയും സേവനമേഖലയെ വാണിജ്യവല്ക്കരിച്ചും ബാങ്കിംഗ് - പൊതു ധനകാര്യമേഖലയെ ജനങ്ങളെ കൊള്ളയടിക്കാനുള്ള ഉപകരണമാക്കിയും മുന്നോട്ട് പോയ നവലിബറൽ നയങ്ങൾ കോർപറേറ്റുകളുടെയും സമ്പന്നവിഭാഗങ്ങളുടെയും കൈകളിലേക്ക് വരുമാനവും സമ്പത്തും അറിവും കേന്ദ്രീകരിക്കാനാണ് ഇടവരുത്തിയത്. രാജ്യത്ത് വിവിധ മേഖലകളിൽ വിവിധ രൂപത്തിൽ നടക്കുന്ന ചെറുത്തു നില്പുകളെ ഏകോപിപ്പിക്കണമെന്നും അതിനായി വികസനത്തിന്റെ ദിശ എന്തായിരിക്കണമെന്ന സംവാദങ്ങൾ രാഷ്ട്രീയത്തിന്റെ കേന്ദ്ര സ്ഥാനത്തേക്ക് കൊണ്ടുവരണമെന്നും അഭിപ്രായപ്പെട്ടാണ് സെമിനാർ ക്രോഡീകരിക്കപ്പെട്ടത്. സെമിനാറിന്റെ സംഘാടന ചുമതല പയ്യന്നൂർ മേഖലാ കമ്മിറ്റിക്കായിരുന്നു.

കൂത്തുപറമ്പ് മേഖലയുടെ സംഘാടനചുമതലയിൽ നടന്ന ആഗോള പ്രവാസി മലയാളി സംഗമം ആണ് മറ്റൊരു പ്രധാന സെമിനാർ. ഏപ്രിൽ 2ന് കൂത്തുപറമ്പ് ബാങ്ക് ഓഡിറ്റോറിയത്തിൽ നടന്ന സെമിനാർ മുൻസിപ്പൽ ചെയർമാൻ ശ്രീ എം സുകുമാരന്റെ അധ്യക്ഷതയിൽ പ്ലാനിംഗ് ബോർഡ് അംഗം ഡോ കെ എൻ ഹരിലാൽ പ്രവാസികളും

54
ശാസ്ത്രം സാമൂഹ്യവിപ്ലവത്തിന്
കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
54ാം സംസ്ഥാന സമ്മേളനം
2017 ഏപ്രിൽ 28-30
കണ്ണൂർ

ജനാധിപത്യാവകാശങ്ങളും എന്ന വിഷയത്തിൽ പ്രബന്ധം അവതരിപ്പിച്ച് ഉദ്ഘാടനം ചെയ്തു. പ്രവാസികളും ദേശീയതയുടെ പുനർവായനയും (പ്രൊ കെ ഇ എൻ കുഞ്ഞഹമ്മദ്), സംസ്ഥാന ഗവൺമെന്റ് പദ്ധതികൾ (മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ), പ്രവാസിയും കേരളവികസനവും (ഡോ ഇരുദയ രാജൻ), പ്രവാസി പുനരധിവാസ അടിസ്ഥാന പ്രശ്നങ്ങൾ (സെയ്താലികുട്ടി, സെക്രട്ടറി കേരളപ്രവാസി സംഘം), മറുനാടൻ മലയാളികൾ (കെ കെ പ്രകാശൻ മുംബൈ), ഇതര സംസ്ഥാന തൊഴിലാളികൾ(ഡോ ഡി നാരായണ) തുടങ്ങിയ പ്രബന്ധങ്ങളാണ് അവതരിക്കപ്പെട്ടത്. സി.കെ ഹസ്സൻകോയ, റഫീക് റാവുത്തർ, ഡോ ശശികുമാർ, ഡോ ബിജുലാൽ, എം താഹ സൗദി അറേബ്യ, ഡോ ഡി കെ മച്ചിങ്ങൽ ജർമ്മനി, കെ ഭാസ്കരൻ സെക്രട്ടറി സീമെൻ അസോസിയേഷൻ, ഡോ സേതുമാധവൻ, ഡോ മുബാറക് സാനി, ഡോ സുഗത പുത്തലത്ത്, ഡോ ജാഫർ കെ കെ,ഡോ ബിജു എം വി, ഇ ആർ രഞ്ജിത് കുമാർ എന്നിവരും വിഷയങ്ങൾ അവതരിപ്പിച്ചു. ഡോ കെ രാജേഷ്, പി പി ബാബു, സി പി ഹരീന്ദ്രൻ എന്നിവരാണ് ചർച്ചകൾ നയിച്ചത്. പ്രവാസികളുടെ കലാ പരിപാടികൾ കൂടി അരങ്ങേറിയ സമാപന സമ്മേളനത്തിൽ കെ എൻ ഹരിലാൽ, നോർക്ക ഡയരക്ടർ ഓ വി മുസ്തഫ എന്നിവർ സംസാരിച്ചു. ടി ഗംഗാധരൻ സമാപന പ്രഖ്യാപനം നടത്തി. കേരള പ്രവാസി ബാങ്ക് രൂപീകരിക്കുന്നത് പ്രവാസികൾ അയക്കുന്ന പണത്തെ കേരളത്തിന്റെ വികസനത്തിനും തിരികെയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനും പ്രയോജനപ്പെടുത്താനാവുമെന്നതാണ് സെമിനാറിന്റെ മുഖ്യ കണ്ടെത്തൽ.

പശ്ചിമഘട്ടവും കേരളത്തിന്റെ നിലനില്പും എന്നസെമിനാർ ഏപ്രിൽ 8 ന് തലശ്ശേരി മേഖലയുടെ സംഘാടന ചുമതലയിലാണ് നടന്നത്. പ്രൊ കെ ശ്രീധരൻ പശ്ചിമഘട്ടവും കേരളത്തിന്റെ ജലസുരക്ഷയും എന്ന വിഷയം അവതരിപ്പിച്ചു കൊണ്ട് സെമിനാർ ഉദ്ഘാടനം ചെയ്തു. ആർ രാധാകൃഷ്ണൻ ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ ഇനിയെന്ത്, മനുഷ്യരും വന്യജീവികളും (സുമാ വിഷ്ണുനാഥ്, സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ), ഖനനവും പശ്ചിമഘട്ടവും (ഡോ ബ്രിജേഷ്), പശ്ചിമഘട്ടത്തിലെ പക്ഷികൾ (ഡോ സി കെ വിഷ്ണുദാസ്) എന്ന വിഷയങ്ങൾ അവതരിപ്പിച്ചു. പരിസ്ഥിതി-ജൻഡർ-ആദിവാസി പ്രശ്നങ്ങളെ വയനാടിന്റെ സാഹചര്യത്തിൽ എങ്ങിനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു, അതിലെ നിയമകുരുക്കുകൾ എന്തെല്ലാമാണെന്ന അഡ്വ എം വേണുഗോപാലിന്റെ അവതരണം ശ്രദ്ധേയമായി. ശ്രീകണ്ഠാപുരം മേഖല നടത്തി കുഴൽകിണർ ഖനനം സംബന്ധിച്ച പഠനത്തിന്റെ പ്രാഥമിക റിപ്പോർട്ട് കെ വിലാസിനി അവതരിപ്പിച്ചു. സമാപനസമ്മേളനത്തിൽ പശ്ചിമഘട്ടം -പരിസ്ഥിതിയും വികസനവും എന്നവിഷയത്തിൽ ഡോ കെ രാജേഷ് നടത്തിയ അവതരണത്തോട് രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ പ്രതികരിച്ചു സംസാരിച്ചു. കേരളത്തിന്റെ നിലനില്പിനും ജൈവവൈവിധ്യത്തിന്റെ സംരക്ഷണത്തിനും പശ്ചിമഘട്ടസംരക്ഷണം എത്രത്തോളം പ്രധാനമാണെന്നതിന് ഉൾക്കാഴ്ച നല്കാൻ സെമിനാർ സഹായകമായി.

സെമിനാറിന്റെ മുന്നോടിയായി ഏപ്രിൽ 7 ന് തലശ്ശേരി പാലയാട് കാമ്പസ്സിൽ വെച്ച് പശ്ചിമഘട്ടത്തിന്റെ ജൈവ ഭൂവൈവിധ്യത്തെകുറിച്ചുള്ള ഫോട്ടോ പ്രദർശനവുമുണ്ടായിരുന്നു.

11 ഇതര സംസ്ഥാനങ്ങളിൽ നിന്നു വന്ന 150 പ്രതിനിധികളും കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നെത്തിയ 100 പ്രതിനിധികളും പങ്കെടുത്ത യുവസമിതി ക്യാമ്പ് ജനവരി 27,28,29 തിയതികളിലാണ് നടന്നത്. മയ്യിൽ മേഖലക്കായിരുന്നു സംഘാടന ചുമതല.. ജയിംസ് മാത്യു എം എൽ എ ഉദ്ഘാടനം ചെയ്തു. ഡോ സി രാമകൃഷ്ണൻ, ജയ് സോമനാഥ്, ടി ഗംഗാധരൻ എന്നിവർ യുവസംഗമത്തിന്റെ പ്രാധാന്യം വിശദീകരിച്ചു. കണ്ണൂർ ജില്ലയിലെ 100 കേന്ദ്രങ്ങളിൽസന്ദർശിച്ച് ജില്ലയുടെ പാരിസ്ഥിതികവും രാഷ്ട്രീയവും സാംസ്കാരികവുമായ സവിശേഷതകൾ മനസ്സിലാക്കുക എന്നതായിരുന്നു രണ്ടാം ദിവസത്തെ പരിപാടി.

മേഖലാ കമ്മിറ്റികളുടെ നേതൃത്വത്തിലായിരുന്നു ഇത്. സമാപന പരിപാടിയിയിൽ പരിഷത്ത് സംസ്ഥാന ജനറൽ സെക്രട്ടറി പി.മുരളീധരൻ മുഖ്യപ്രഭാഷണവും ദേശീയതയും ഫാസിസവും എന്ന വിഷയത്തിൽ സുൽത്താൻ ബത്തേരി സെന്റ് മേരീസ് കോളേജിലെ അസോ. പ്രൊഫ ശ്രീജിത്ത് ശിവരാമൻ പ്രഭാഷണവും നടത്തി. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കലാപരിപാടികളും നടന്നു. പങ്കെടുത്തവർക്കെല്ലാം വളരെ ആവേശകരമായി അനുഭവപ്പെട്ട ക്യാമ്പിൽ മറ്റ് സംസ്ഥാനങ്ങളിലെ പ്രതിനിധികൾ കേരളത്തെപ്പറ്റിയും പരിഷത്തിനെപ്പറ്റിയും നടത്തിയ നിരീക്ഷണങ്ങൾ ഏറെ അഭിമാനകരമാണ്.

അന്താരാഷ്ട്ര വനിതാ ദിന സന്ദേശം വിളംബരം ചെയ്ത് മാർച്ച് 7 ന് നടന്ന മാനവ സംഗമത്തിന് നേതൃത്വം നല്കിയത് ജില്ലയിലെ ജൻഡർ വിഷയ സമിതിയാണ്. കേരളത്തിലെ വിവിധ രംഗങ്ങളിൽ ശ്രദ്ധേയരായ 25 വനിതകൾ ചേർന്ന് സ്ത്രീ സുരക്ഷ പ്രതിരോധ പന്തങ്ങൾ കത്തിച്ചു. വനിതാ തെങ്ങ് കയറ്റ തൊഴിലാളി തങ്കം കൊളുത്തിയ തിരി ചിത്രകാരി സുനിത കുഞ്ഞിമംഗലം തീ പന്തം പകർന്നു. ഗവേഷക ഡോ.ആനന്ദി, ഡോ സി നേത്ര, എൻ. സുകന്യ, കെ.എ സ്വപ്ന, ഡോ എം.പി പരമേശ്വരൻ, പി.കെ ശ്രീമതി എം.പി, പി.കെ ശ്യാമള, ഇ പി ലത, അമൃതാ രാമകൃഷ്ണൻ, ശാന്ത കാവുമ്പായി, അംബുജം കടമ്പൂര്, ഡോ പി വസന്തകുമാരി, എം.എം സചീന്ദ്രൻ, ഡോ എം.കെ ജയശ്രീ, ഡോ ആരിഫ, ചിഞ്ചു, ടി.കെ. മീരമായ്, എ.ശാന്തകുമാരി, കെ.വി. ജാനകി, ജോഷില പി.വി, കലാമണ്ഡലം ലത, അക്ഷര, അക്ഷിമ, രജിതാ മധു, റംലപക്ക, ഹരിത നാസർ, അഷിജാ മനോജ്, എഴുത്തുകാരി ലിജിഷ എന്നിവർ സ്ത്രീ സുരക്ഷ പ്രതിരോധ തീ പന്തം തെളിയുന്നതിന് സാക്ഷ്യം വഹിച്ചു. എല്ലാ അന്ധ വിശ്വാസങ്ങളും ഈ തീ പന്തത്തിൽ ചാമ്പലവട്ടെ എന്ന് ഡോ എം.പി പരമേശ്വരൻ മാനവ സംഘം ഉദ്ഘാടനം ചെയ്തുകൊണ്ട് അഭിപ്രായ പെട്ടു. പ്രശസ്ത ചിത്രകാരൻ സന്തോഷ് ചുണ്ടയുടെ നേതൃത്വത്തിൽ 18 കലാകാരൻമാർ അണിനിരന്ന വൻ ബാനർ ചിത്രരചന നടന്നു. തുടർന്ന് സമതാ റാലി കണ്ണൂർ നഗരത്തെ വലയം ചെയതു. പ്രതിജ്ഞ, പ്രഭാഷണങ്ങൾ, ഏകപാത്ര നാടകങ്ങൾ, നാടൻ പാട്ടുകൾ, കഥാപ്രസംഗം, ഫിലിം പ്രദർശനം, സംഗീത ശില്പം, നാടൻ കലാരൂപങ്ങൾ എന്നിവ അരങ്ങേറി.

ഏപ്രിൽ 5,6,7 തിയതികളിൽ കുളപ്പുറം(മാടായി മേഖല) വെച്ചു നടന്ന ദക്ഷിണേന്ത്യൻ ബാലോത്സവമായിരുന്നു മറ്റൊരു പരിപാടി. ജില്ലാ കലക്ടർ മീർമുഹമ്മദലിയാണ് പരിപാടി ഉദ്ഘാടനം ചെയ്തത്. തെലുങ്കാന, കർണാടക എന്നിവടങ്ങളിലെ 25 കുട്ടികളും കാസ്ഗോഡ്, കോഴിക്കോട് ജില്ലകളിലെ 8 കട്ടികളും ഉൾപ്പെട്ട 220 കുട്ടികളണ് ക്യാമ്പിൽ ഉണ്ടായിരുന്നത്. ശാസ്ത്രം, ഗണിതം, ഒറിഗാമി, പസിൾസ്, കൗതുക വസ്തു നിർമാണം, പാട്ട്, കളികൾ എന്നീ മൂല കളിലായി കുട്ടികൾ പ്രവർത്തനത്തിൽ പങ്കാളിയായി. ഇതോടൊപ്പം മാടായി പ്പാറ, വയലപ്ര കടവ്, പശ്ശനികടവ്, പയ്യാമ്പലം എന്നിവിടങ്ങളിലേക്ക് പഠനയാത്രയും നടന്നു. മന്ത്രി കടന്നപ്പള്ളിരാമചന്ദ്രൻ, ടി വി രാജേഷ് എം എൽ എ എന്നിവർ പങ്കെടുത്ത് കുട്ടികളോട് സംവദിച്ചു. സ്വാഗത സംഘം ഒരുക്കിയ കളിക്കൂട് ഏറെ ശ്രദ്ധയാകർഷിച്ചു.

സമ്മേളനത്തിനാവശ്യമായ വിഭവ സമാഹരണവും സവിശേഷതയുള്ളതായിരുന്നു. 50 ലക്ഷം രൂപയുടെ പുസ്തക പ്രചരണമാണ് ലക്ഷ്യം വെച്ചത്. നോട്ട് പ്രതിസന്ധി സൃഷ്ടിച്ച വിപരീത സാഹചര്യത്തിലും 40 ലക്ഷം രൂപയുടെ പുസ്തകം ഏപ്രിൽ പകുതിയപ്പോൾ പ്രചരിപ്പിച്ചു കഴിഞ്ഞു. ആയിരം രൂപ മുതൽ പുസ്തകകൂപ്പൺ എടുത്ത് സ്വന്തം ആവശ്യത്തിൻ അല്ലെങ്കിൽ സ്കൂളിനോ വായന ശാലക്കോ സംഭാവനയായി നല്കി കൊണ്ടാണ് പരിപാടിയോട് ഏവരും സഹകരിച്ചത്. പേരാവൂരിലെ പരിഷത്ത്പ്രവർത്തകർ മുഴക്കുന്നിൽ നടത്തിയ നെൽകൃഷിയിലൂടെയാണ് സമ്മേളനത്തിനാവശ്യമായ ഒരുക്കിയത്. മിക്ക മേഖലകളിലും പച്ചക്കറി കൃഷിയും നടത്തി.

പരിഷത്തിന്റെ എല്ലാ വിഷയസമിതികളുടെയും സബ്കമ്മിറ്റികളുടെയും നേതൃത്വത്തിൽ പരിപാടി നടന്നു. സംഘാടനത്തിന് നേതൃത്വം നല്കിയതാകട്ടെ മേഖലാ കമ്മിറ്റികളുടെ മുൻകയ്യിൽ പ്രാദേശിക തലത്തിൽ രൂപീകരിക്കപ്പെട്ട സംഘാടക സമിതികളാണ് എന്നതാണ് ഏറെ ശ്രദ്ധയമായിട്ടുള്ളത്. സംഘടനയുടെ 14 മേഖലാ കമ്മിറ്റികളും 190 യൂണിറ്റുകളും 7000ത്തോളം വരുന്ന അംഗങ്ങളിൽ ബഹു ഭൂരിപക്ഷവും സമ്മേളനത്തിന്റെ ഏതെങ്കിലും പ്രവർത്തനവുമായി രംഗത്ത് വന്നു. ജില്ലയിലെ മാത്രമല്ല സംസ്ഥാനത്തെ അക്കാദമിക രംഗത്ത് പ്രവർത്തിക്കുന്നവരിൽ വലിയൊരു ഭാഗത്തെയും ജില്ലയിലെ പ്രധാന സാമൂഹ്യ രാഷ്ട്രീട പ്രവർത്തകരെയും അനുബന്ധപ്രവർത്തനങ്ങളിൽ സഹകരിപ്പിക്കാൻ കഴിഞ്ഞു. ഡിസംബർ 19ന് കണ്ണൂർ പരിഷത്ത്ഭവനിൽ നടന്ന പരിപാടിയിൽ വെച്ച് സ്വാഗത സംഘം ഓഫീസ് ഉൽഘാടനം നിർവഹിച്ചത് കണ്ണൂർ എം പി , പി കെ ശ്രീമതിടീച്ചറാണ്. ഗ്രന്ഥശാലകളിൽ പരിസ്ഥിതി പുസ്തക കോർണർ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ ഗ്രന്ഥശാല പ്രവർത്തകസംഗമവും പരിസ്ഥിതി സെമിനാറും ജനുവരി 29 ന് കണ്ണൂർ ജവഹർലൈബ്രറി ഹാളിൽ നടന്നു. ഗ്രന്ഥശാല സംഘം സംസ്ഥാന സെക്രട്ടറി ഡോ കെ വി കുഞ്ഞികൃഷ്ണൻ പരിപാടി ഉദ്ഘാടനംചെയ്തു.

കണ്ണൂർ ജില്ലയിൽ വെച്ച് നടക്കുന്ന നാലാമത്തെ വാർഷികമാണിത്. ആദ്യസമ്മേളനം 1976 മാർച്ചിൽ കണ്ണൂർ സെന്റ് മൈക്കിൾസ് സ്കൂളിൽ. അന്ന് സംഘടനക്ക് മേഖലാ കമ്മറ്റികളൊന്നും നിലവിൽ വന്നിരുന്നില്ല. സംഘടനയെ ജനകീയവത്കരിക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ച പ്രകൃതി, സമൂഹം, ശാസ്ത്രം ക്ലാസ്സുകളുടെ വിജയാവേശത്തിലായിരുന്നു ആ സമ്മേളനം. ഗ്രാമ പാർലിമെന്റ്,ശാസ്ത്രകലാ പരിപാടി ഇവയൊക്കെ സമ്മേളനവുമായി ബന്ധപ്പെട്ടാണ് അരങ്ങേറിയത്. സംഘടനയുടെ ചരിത്രത്തിൽ സുപ്രധാന ചുവട് വയ്പായി മാറിയ രജത ജൂബിലി സമ്മേളനം കണ്ണൂരിൽ വെച്ചായിരുന്നു. (ഈ സമ്മേളനത്തിന്റെയും വേദി സെന്റ് മൈക്കിൾസ് സ്കൂളായിരുന്നു) AIPSN രൂപം കൊള്ളുന്നത് ആസമ്മേളനവുമായി ബന്ധപ്പെട്ട് നടന്ന അഖിലേന്ത്യ ശാസ്ത്ര കോൺഗ്രസ്സിൽ വെച്ചായിരുന്നു. യു.ജി.സി ചെയർമാനായി പ്രവർത്തിച്ച ഡോ യശ്പാൽ ആയിരുന്നു അതിന്റെ ഉദ്ഘാടകൻ. ശാസ്ത്ര പ്രദർശനം, ശാസ്ത്ര സായാഹ്നങ്ങൾ, ശാസ്ത്ര പാർലിമെന്റുകൾ, ബഹുജന റാലി ഇവയിലൂടെയൊക്കെ കണ്ണൂരിനെ അക്ഷരാർത്ഥത്തിൽ ശാസ്ത്രോത്സവ നഗരിയാക്കി മാറ്റാൻ ആ സമ്മേളനത്തിന് കഴിഞ്ഞിരുന്നു. പെരളശ്ശേരിയിൽ നടന്ന നാൽപതാം വാർഷികവും ഏറെ ശ്രദ്ധിക്കപ്പെട്ടു. അനുബന്ധ പരിപാടികളുടെ വൈപുല്യം, സമ്മേളന പ്രതിനിധികളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ഗൃഹസംവാദം എന്നിവയായിരുന്നു ഈ സമ്മേളനത്തിന്റെ സവിശേഷത. സമ്മേളന ഉദ്ഘാടകൻ പ്രസിദ്ധ പത്ര പ്രവർത്തകൻ പി സായ്നാഥ്. അതിൽ വെച്ചാണ് ആഗോളവത്കരണത്തിനെതിരെ ഉപഭോഗം ആയുധമാക്കുക എന്ന മുദ്രാവാക്യം പരിഷത്ത്ഉയർത്തിയത്. (ഈ രണ്ടു സമ്മേളനങ്ങളുടെയും സ്വാഗതസംഘം ജനറൽ കൺവീനർ ആയി പ്രവർത്തിച്ചത് ജില്ലയിലെ മുതിർന്ന പ്രവർത്തകനായ എം എം ജി നമ്പൂതിരിയായിരുന്നു.)

54 – വാർഷികം സമ്മേളനത്തിൽ പങ്കെടുക്കുന്ന മുഴുവൻ പ്രതിനിധികൾക്കും ഒരനുഭവമായിമാറും. ആവേശകരമാകും. ഏവരെയും സ്വാഗതംചെയ്യാൻ ഒരുങ്ങിയിരിക്കയാണ് ജില്ലയിലെ പരിഷത്ത് പ്രവർത്തകർ.

## "ജലസുരക്ഷ" പ്രായോഗിക പരിശീലനം

തുരുത്തിക്കര : കിണർ റീചാർജിംഗിന്റെ പ്രായോഗിക പരിശീലനവും ജലസുരക്ഷാ ക്ലാസ്സും സംഘടിപ്പിച്ചു. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് തുരുത്തിക്കര യൂണിറ്റിന്റെ നേതൃത്വത്തിൽ തുരുത്തിക്കര സൗത്ത് വെസ്റ്റ് റെസിഡൻസ് അസോസിയേഷൻ, തുരുത്തിക്കര റെസിഡൻസ് അസോസിയേഷൻ, പൂത്തോട്ടം റെസിഡൻസ് അസോസിയേഷൻ, താരാ റെസിഡൻസ് അസോസിയേഷൻ എന്നിവരുടെ സഹകരണത്തോടയാണ് പരിപാടി സംഘടിപ്പിച്ചത്. പ്രദേശത്തെ ഭൂഗർഭ നിരപ്പ് വലിയ തോതിൽ താഴ്ന്നു കൊണ്ടിരിക്കുകയും കിണറുകളിലെ വെള്ളത്തിൽ രാസമലിനീകരണവും സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ലഭ്യമാകുന്ന മഴവെള്ളത്തെ കിണറുകളിലേക്ക് ശുദ്ധീകരിച്ചു ഇറക്കി വിട്ടുകൊണ്ട് മാത്രമേ ജലശേഷിയും ഗുണനിലവാരവും വർധിപ്പിക്കാൻ സാധിക്കൂ. അതിനായി വിവിധ സംഘടനകളുടെ നേതൃത്വത്തിൽ വിവിധ പ്രവർത്തന പരിപാടികൾ സംഘടിപ്പിക്കും. ടെക്നിക്കൽ സ്കൂളിൽ നടന്ന പരിപാടികൾ മുളംതുരുത്തി ബ്ലോക്ക് വൈസ് പ്രസിഡണ്ട് ഷാജി മാധവൻ ഉദ്ഘാടനം ചെയിതു. മുളംതുരുത്തി ബ്ലോക്ക് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സുധാ രാജേന്ദ്രൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ശാസ്ത്രഗതി മാനേജിങ് എഡിറ്റർ പി.എ. തങ്കച്ചൻ ആമുഖ അവതരണം നടത്തുകയും ഐ.ആർ.ടി .സി ഫാക്കൽട്ടി അജയൻ കിണർ റീചാർജിംഗന്റെ പ്രായോഗിക പരിശീലനവും ക്ലാസ്സും നൽകുകയും ചെയ്തു. തുരുത്തിക്കര സൗത്ത് വെസ്റ്റ് റെസിഡൻസ് അസോസിയേഷൻ-ബിജു ജോയ് തുരുത്തിക്കര റെസിഡൻസ് അസോസിയേഷൻ സെക്രട്ടറി കെ.കെ.കൃഷ്ണൻ കുട്ടി, പൂത്തോട്ടം റെസിഡൻസ് അസോസിയേഷൻ ജയകുമാർ എന്നിവർ സംസാരിച്ചു. താരാ റെസിഡൻസ് അസോസിയേഷൻ കമ്മിറ്റി അംഗം സജി ജോൺ സ്വാഗതവും, കേരള ശാസ്ത്രസാഹിത്യ പരിഷത്ത് തുരുത്തിക്കര യൂണിറ്റ് പ്രസിഡണ്ട് കെ.എം.പ്രകാശൻ നന്ദിയും പറഞ്ഞു.

## ജന്റർ ശില്പശാല

നന്മണ്ട : സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന മിക്ക പീഢനക്കേസ്സുകളിലും പോലീസ് നടപടികൾ വേഗം ഉണ്ടാകുന്നുവെങ്കിലും നിയമത്തിന്റെ പഴുതുകൾ ഉപയോഗപ്പെടുത്തി പ്രതികൾ രക്ഷപ്പെടുന്നത് നിത്യസംഭവമാകുന്നു. ഇത്തരം സംഭവങ്ങളിൽ പ്രതികൾ രക്ഷപ്പെടുന്നില്ലെന്ന് ഉറപ്പാക്കത്തക്ക രീതിയിൽ നിലവിലുള്ള നിയമത്തിൽ പൊളിച്ചെഴുത്ത് നടത്തി ആവശ്യമായ വകുപ്പുകൾ ഉൾപ്പെടുത്തണമെന്ന് കേരള ശാസ്ത്രസാഹിത്യപരിഷത്ത്, കുടുംബശ്രീ, സി.ഡി.എസ്, സാക്ഷരതാ മിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ മാർച്ച് 8വനിതാദിനത്തിൽ നടന്ന ജന്റർ ശില്പശാല കേന്ദ്ര-കേരള സർക്കാരുകളോടാവശ്യപ്പെട്ടു. സി.ഡി.എസ് ചെയർ പേഴ്സൺ പ്രീതാകുമാരിയുടെ അധ്യക്ഷതയിൽ ഗ്രാമപ്പഞ്ചായത്ത് വൈസ് പ്രസിഡണ്ട് അജിത ആറാങ്കോട്ട് ശില്പശാല ഉദ്ഘാടനം ചെയ്തു. ശാസ്ത്രസാഹിത്യ പരിഷത്ത് പ്രവർത്തകരായ സുജാത വി.കെ, സുജിഷ.വി.എസ് എന്നിവർ വിഷയാവതരണവും ടി.പി.സുകുമാരൻ ക്രോഡീകരണവും നടത്തി. ഗ്രാമപ്പഞ്ചായത്ത് മെമ്പർമാരായ ഹാജിറ തൊണ്ടിയിൽ, പുഷ്പ തറോൽ എന്നിവർ ആശംസകളർപ്പിച്ചു. ഉഷ.സി (പ്രേരക്) സ്വാഗതവും, കെ.മോഹനൻ (നോഡൽ പ്രേരക്)നന്ദിയും പറഞ്ഞു.

## 'കിനാകം' യുവസമിതി ജില്ലാ ക്യാമ്പ് സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു

പടനിലം: ഏപ്രിൽ 21,22,23 തിയതികളിൽ പടനിലം ഗവ: ഹയർ സെക്കന്ററി സ്കൂളിൽ വെച്ച് ശാസ്ത്രസാഹിത്യ പരിഷത്ത് യുവസമിതി ജില്ലാ ക്യാമ്പ് 'കിനാകം' നടക്കുന്നു. ക്യാംപിന്റെ മുന്നൊരുക്കങ്ങളുടെ ഭാഗമായി സ്വാഗതസംഘം ഓഫീസ് തുറന്ന് പ്രവർത്തനമാരംഭിച്ചു. ഓഫീസിന്റെ ഉദ്ഘാടനം ഏപ്രിൽ 11ന് വൈകിട്ട് 5 മണിക്ക് സാമൂഹ്യ പ്രവർത്തകനം പരിഷത്ത് പ്രവർത്തകനമായ ശ്രീ എം ബാല കൃഷ്ണൻ നിർവ്വഹിച്ചു. പടനിലം ക്ഷേത്രത്തിന് എതിർവശമുള്ള പഴയ പോസ്റ്റ് ഓഫീസ് കെട്ടിടത്തിലാണ് സ്വാഗതസംഘം ഓഫീസ് പ്രവർത്തിക്കുന്നത്.

Date of Publication 20-04-2017.Regd. No of Newspaper KERMAL/2001/10969 Regd No. KL/CT/53/2015-17
Licence to post without pre-payment at RMS Calicut on 20th Apr 2017 L No. KL/PMG/NR/WPP/6/KKD/15-17



# ലോകാരോഗ്യദിനത്തിൽ പരിഷത്ത് ക്ലാസുകൾ

തിരുവനന്തപുരം : ഏപ്രിൽ 7 ലോകാരോഗ്യദിനത്തിൽ ശാസ്ത്രസാഹിത്യ പരിഷത്ത് നേതൃത്വത്തിൽ മേഖലയിലെ ഏഴ് കേന്ദ്രങ്ങളിൽ ബോധവത്കരണക്ലാസുകൾ നടത്തി. വിഷാദരോഗം മറികടക്കാം എന്നതായിരുന്നു ഈ വിഷയം. ആനയറയിൽ നഗരസഭാ ആരോഗ്യസ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ ശ്രീകുമാർ ഉദ്ഘാടനം നടത്തി. ഡോ. എസ്. കിരൺകുമാർ ക്ലാസെടുത്തു. മേഖലാ ആരോഗ്യസമിതി കൺവീനർ ജി. കൃഷ്ണൻകുട്ടി സ്വാഗതവും ആനയറ യൂണിറ്റ് പ്രസിഡണ്ട് പി. മുരളീധരൻ അധ്യക്ഷതയും വഹിച്ചു. പൗഡിക്കോണത്ത് ഡോ. ടിങ്കുവും കരിയത്ത് ഡോ. വിപിനും ക്ലാസ്സുകളെടുത്തു. പേരൂർക്കടയിൽ ഡോ. ബൈജുവും തുറുവിക്കലിൽ ഡോ. വാണി മേനോനും, നെടുങ്കാട് ഡോ. എബിനും വിഷാദരോഗത്തെക്കുറിച്ച് ബോധവത്കരണം നടത്തി. അട്ടക്കുളങ്ങളങ്ങര സെൻട്രൽ ഹൈസ്കൂളിൽ ആരോഗ്യവും ശുചിത്വവും എന്ന വിഷയത്തിൽ ജി. കൃഷ്ണൻകുട്ടി ക്ലാസ്സെടുത്തു. വിവിധ കേന്ദ്രങ്ങളിൽ തുറുവിക്കൽഭാസ്കരൻ, സജിത്ത് തുറുവിക്കൽ, പി. ബാബു, എൻ. സുഖ്ദേവ്, ജയചന്ദ്രൻ പേരൂർക്കട, കെ. ശ്രീകുമാർ, വി. രാജൻ, ബിജു ജി.ആർ. നാഥ് എന്നിവർ സംസാരിച്ചു.

# ചേളന്നൂർ മേഖലാസമ്മേളനം




നന്മണ്ട : ശാസ്ത്രസാഹിത്യപരിഷത്ത് ചേളന്നൂർ മേഖലാ സമ്മേളനം മാർച്ച് 18 ന് നന്മണ്ട എ.യു.പി.സ്കൂളിൽ സ്വാഗതസംഘം ചെയർമാൻ (നന്മണ്ട ഗ്രാമപ്പഞ്ചായത്ത് വികസന സ്റ്റാൻഡിംങ് കമ്മിറ്റി അധ്യക്ഷൻ) പാറപ്പുറത്ത് മനോഹരന്റെ അധ്യക്ഷതയിൽ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ഒ.പി. ശോഭന ഉദ്ഘാടനം ചെയ്തു. ചേളന്നൂർ ബ്ലോക്ക് വികസന സ്റ്റാൻഡിംങ് കമ്മിറ്റി അധ്യക്ഷൻ എം.ഗംഗാധരൻ മാസ്റ്റർ ആശംസകളർപ്പിച്ചു. പരിഷത്ത് കേന്ദ്ര നിർവ്വാഹകസമിതി അംഗം സി.പി.സുരേഷ് ബാബു "ആരോഗ്യരംഗത്തെ പ്രശ്നങ്ങളും സാധ്യതകളും " എന്ന വിഷയത്തിലും കോഴിക്കോട് ജില്ലാ വൈസ് പ്രസിഡണ്ട് ഇളവനി അശോകൻ "ജലസുരക്ഷ കാലാവസ്ഥാ വ്യതിയാനത്തിന്റെ പാശ്ചാത്തലത്തിൽ"എന്ന വിഷയത്തിലും ക്ലാസ്സുകളെടുത്തു.

മേഖലാ പ്രസിഡണ്ട് കെ.കെ.വിജയന്റെ അധ്യക്ഷതയിൽ നടന്ന പ്രതിനിധി സമ്മേളനത്തിൽ മേഖലാ സെക്രട്ടറി സി.വിജയൻ റിപ്പോർട്ടും, ട്രഷറർ വി.പി.ലോഹിതാക്ഷൻ വരവ് ചെലവ് കണക്കും സംസ്ഥാന വൈസ് പ്രസിഡണ്ട് എൻ ശാന്തകുമാരി സംഘടനാ രേഖയും അവതരിപ്പിച്ചു. ജില്ലാ ട്രഷറർ കെ.എം. ചന്ദ്രൻ, ജില്ലാകമ്മിറ്റിയംഗം പി.ശശിധരൻ എന്നിവർ സംസാരിച്ചു. ജോ.സെക്രട്ടറി കെ.മോഹനൻ നന്ദി പറഞ്ഞു ഭാരവാഹികൾ:പി.ബിജു (പ്രസിഡണ്ട്പി) എം.കല്യാണിക്കുട്ടി(വൈസ് പ്രസിഡണ്ട്), സി. വിജയൻ(സെക്രട്ടറി), വി.പി. വാസു (ജോ.സെക്രട്ടറി),ഏ. ഗോപാലകൃഷ്ണൻ(ട്രഷറർ).

## പുതു അറിവ്

പ്രൊഫ.കെ.ആർ.ജനാർദനൻ

# ദീർഘായുസ്സിന് എരിവുള്ള മുളക്



ഏഷ്യാ, ആഫ്രിക്ക, ലാറ്റിനമേരിക്ക എന്നീ ഭൂഭാഗങ്ങളിലെ ജനങ്ങൾക്ക് കറികളിൽ ഒഴിവാക്കാനാവാത്ത ഘടകമത്രെ മുളക്. 16ാം നൂറ്റാണ്ടിലാണ് മുളക് ഇന്ത്യൻ അടുക്കളയിൽ ആരവത്തോടെ കടന്നുവന്നത്

കപ്പൽവഴിയെത്തിയതുകൊണ്ടാവാം ഉണങ്ങിയ ചുവന്ന മുളകിന് കപ്പൽ മുളക് എന്ന പേർവന്നത്. മുളകിനെ എന്നും ആദരവോടെയാണ് ഭാരതീയർ കണ്ടിരുന്നത്. ഭഗവാൻ ശ്രീകൃഷ്ണനെ ഭക്തകവി പുരന്ദരദാസ് രക്തചുവപ്പുള്ള മുളകായിട്ടാണ് വർണ്ണിച്ചത്. മുളകു ചേർക്കുമ്പോൾ കറികളുടെ രുചി വർധിക്കുന്നുവെന്നത് നമുക്കറിയാവുന്ന വസ്തുതയാണ് എന്നാൽ അതു മാത്രമല്ല മുളകിന്റെ ഗുണം. അതിന്റെ പോഷകമൂല്യത്തെപ്പറ്റി അടുത്തകാലത്ത് വളരെയധികം പഠനങ്ങൾ നടന്നിട്ടുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് രണ്ട് വ്യത്യസ്ത മനുഷ്യവർഗങ്ങളിൽ നടത്തിയ പഠനങ്ങളാണ്. ആദ്യത്തെ പഠനം ചൈനയിൽ നടന്നു. നല്ല എരിവുള്ള ചുവന്നമുളക് ചേർത്തഭക്ഷണം സ്ഥിരമായി കഴിക്കുന്നവർ മുളകിനെ ഒഴിവാക്കുന്നവരെയപേക്ഷിച്ച് ദീർഘകാലം ജീവിക്കുന്നുവെന്ന് ആ പഠനം വ്യക്തമാക്കി. ഒരുവർഷത്തിൽ ഏതാണ്ട് അതേ തരത്തിലുള്ള ഒരുപഠനം കോപ്പനം (choppam) ലിറ്റെൻബർഗും (littenberg) ചേർന്ന് അമേരിക്കയിൽ നടത്തുകയുണ്ടായി ഫലങ്ങൾ താരതമ്യപ്പെടുത്തിയപ്പോൾ കാര്യമായ അന്തരങ്ങളൊന്നും കണ്ടില്ല. ചുവന്ന മുളക് ആഹാരത്തിന്റെ ഭാഗമാക്കിയ സമൂഹങ്ങളിൽ മരണനിരക്ക് കുറവായിട്ടാണ് കണ്ടത്.

കാപ്സെയ്സിൻ (capsaiein) പോലുള്ള ഔഷധമൂല്യമുള്ള ചിലതന്മാത്രകൾ മുളകിൽ ഉണ്ട്. രോഗകാരികളായ ബാക്ടീരിയകളെ ചെറുക്കാനുള്ള ശക്തി ഈ തന്മാത്രകൾക്കുണ്ട് . കൂടാതെ ഓക്സികരണം വഴി കോശങ്ങൾക്കുണ്ടാവുന്ന കേടുപാടുകളെ തടുക്കാനും ഇവക്ക് കഴിയും. അതിനാൽ കറികളിൽ എരിവുകൂടിയാൽ വിഷമിക്കേണ്ടതില്ല. എരിവ് തീർത്തും താങ്ങാനാവത്തവർ എന്തുചെയ്യും? ശാസ്ത്രജ്ഞർ ഒരു പരിഹാരം നിർദ്ദേശിക്കുന്നു എന്നും അല്പം റെഡ് വൈൻ അകത്താക്കുക

സ്ത്രീപക്ഷം

# വിമൻപോയിന്റ് : ഒരു ബദൽ സ്ത്രീമാധ്യമം

ആർ.പാർവതി ദേവി

ഇന്ത്യൻ സ്ത്രീ സമൂഹം അനുഭവിക്കുന്ന വിവേചനവും ചൂഷണവും മുഖ്യധാരാ മാധ്യമങ്ങൾ എത്രമാത്രം നീതിപൂർവമാണ് കൈകാര്യം ചെയ്യുന്നതെന്ന വിമർശനാത്മക വിലയിരുത്തൽ അനിവാര്യമാണ്. ഫോർത് എസ്റ്റേറ്റ് എന്ന് കൊട്ടിഘോഷിക്കപ്പെടുന്ന പത്രങ്ങളും ചാനലുകളും ലിംഗനീതിക്കു വേണ്ടി എന്താണ് ചെയ്യുന്നത്? ജനാധിപത്യത്തിന്റെ നാലാം നെടുംതൂണാണെന്നു വിശേഷിപ്പിക്കുമ്പോൾ ഓരങ്ങളിലേക്കു മാറ്റി നിർത്തപ്പെട്ടവരെ മുഖ്യധാരയിൽ എത്തിക്കുക എന്ന കർത്തവ്യം അതിൽ ഉൾച്ചേർന്നിട്ടുണ്ടല്ലോ. എന്നാൽ ആഗോളവൽക്കരണ കാലഘട്ടത്തിൽ മാധ്യമപ്രവർത്തനം മറ്റേതൊരു വ്യവസായവും പോലെ ലാഭത്തിന് ഊന്നൽ കൊടുക്കുമ്പോൾ സ്വാഭാവികമായും സാമൂഹ്യ പ്രതിബദ്ധത അപ്രത്യക്ഷമാകുന്നു. എന്നാൽ ഇന്ത്യയിൽ സ്ത്രീകൾ അനുദിനം പുരുഷാധിപത്യ പ്രത്യയശാസ്ത്രത്തിന്റെ ഇരകൾ ആയികൊണ്ടിരിക്കുന്നു. കേരളത്തിലെ സാക്ഷരതയും ഉയർന്ന വിദ്യാഭ്യാസ നിലവാരവും മാധ്യമങ്ങൾക്കു വളക്കൂറുള്ള മണ്ണൊരുക്കിയിട്ടുണ്ട്. പക്ഷെ അധികാരവും സമ്പത്തും ഉള്ള വിഭാഗത്തിന്റെ ഉച്ചഭാഷിണികൾ ആയ മാധ്യമങ്ങൾക്ക് പാർശ്വവത്കൃതർ "കരളലിയും കദനകഥ"ക്കുള്ള വിഭവങ്ങൾ മാത്രമാണ്. പീഡനത്തിന്റെ ഇരയോ സൗന്ദര്യ വസ്തുവോ മാത്രമാണ് മലയാളം മാധ്യമങ്ങൾക്കു സ്ത്രീ. അതിനപ്പുറത്തു പൗര എന്ന നിലയിൽ സ്ത്രീയെ ചിത്രീകരിക്കുവാൻ മാധ്യമങ്ങൾക്കു താത്പര്യമില്ല. നിലനിൽക്കുന്ന ചൂഷണ സംവിധാനം ഊട്ടി ഉറപ്പിക്കുക എന്നല്ലാതെ അതിനെ ചോദ്യം ചെയ്വാനുള്ള കരുത്ത് സമൂഹം നേടണമെന്നു മാധ്യമങ്ങൾ കരുതുന്നില്ല. കാരണം, ആധിപത്യവ്യവസ്ഥയുടെ ഭാഗമാണ് മാധ്യമവും. ഇരിക്കുന്ന കൊമ്പ് മുറിക്കുന്ന മണ്ടത്തരത്തിനു അവർ മുതിരില്ല എന്നത് ഉറപ്പല്ലേ!

womenpoint.in എന്ന സ്ത്രീ വെബ്സൈറ്റിനെ കുറിച്ച് ചിന്തിക്കാൻ ഇടയായ സാഹചര്യവും മറ്റൊന്നല്ല. മലയാളം മിഷൻ ഡയറക്ടർ പ്രൊഫ സുജ സൂസൻ ജോർജ്, എഴുത്തുകാരിയും. വിവർത്തകയും. ആയ സുനീത ബാലകൃഷ്ണൻ പിന്നെ ഈ ലേഖികയും ആണ് വിമൻ പോയിന്റ് എന്ന ആശയത്തിന് പിന്നിൽ. സ്ത്രീകൾക്ക് ഒത്തു ചേരാൻ ഒരു ഡിജിറ്റൽ ഇടം ആയി ഇത് മാറുമെന്നാണ് പ്രതീക്ഷിക്കുന്നത്. സാമൂഹ്യ മാധ്യമങ്ങളിൽ പോലും സ്ത്രീകൾ അപമാനിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നത് നാം കാണുന്നുണ്ട്. സ്വതന്ത്രമായി അഭിപ്രായം പറയാനും ചർച്ച ചെയ്യാനും ഒരു സ്വതന്ത്ര ഇടം ഞങ്ങളുടെ സ്വപ്നം ആയിരുന്നു. മാത്രമല്ല ലിംഗനീതിയുമായി ബന്ധപ്പെട്ട വിവരങ്ങളും വസ്തുതകളും രേഖപ്പെടുത്തുന്നില്ല എന്നതും ഗുരുതരമായ പ്രശ്നമാണ്. അതുകൊണ്ടാണ് 'വിവരശേഖരം' ന്ന വിഭാഗം ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേരളത്തിലെ സ്ത്രീകളെ സംബന്ധിച്ച എല്ലാ വിവരങ്ങളും വിമൻപോയിന്റിൽ ലഭ്യമാക്കണം എന്നും ഞങ്ങൾ കരുതുന്നു.

ഡിജിറ്റൽ ജൻഡർഡിവൈഡിനെ കുറിച്ച് അറിയാത്തതല്ല. നമ്മുടെ നാട്ടിലെ ബഹുഭൂരിപക്ഷം സ്ത്രീകൾക്കും കമ്പ്യൂട്ടർ അറിവില്ല. വിദ്യാഭ്യാസം ഉള്ളവർക്കു പോലും സ്വന്തമായി കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കാൻ അറിയില്ല. വീട്ടിൽ ഉള്ള കമ്പ്യൂട്ടർ സ്വതന്ത്രമായി ഉപയോഗിക്കാൻ അവകാശം ഇല്ലാത്തവരും കുറവല്ല. അതുകൊണ്ടു ഏതു സ്ത്രീക്ക് പറയാനുള്ളതും എഴുതിയോ ഫോണിലൂടെ പറഞ്ഞു തരുകയോ ചെയ്താൽ വിമൻ പോയിന്റിൽ ഉൾപ്പെടുത്താൻ ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്.

ചുരുക്കത്തിൽ ഒരു ബദൽ മാധ്യമം ആയി വിമൻപോയിന്റ് പ്രവർത്തിക്കണം എന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. കേരളത്തിലെ മുഴുവൻ സ്ത്രീകളും ഇത് ഏറ്റെടുക്കുകയും സ്വന്തമായി കരുതുകയും ചെയ്യുന്ന ഒരു കാലം ഏറെ ദൂരെ അല്ല എന്നാണ് ഞങ്ങൾ കരുതുന്നത്. ഇത്തരത്തിൽ സമഗ്രമായ ഒരു സ്ത്രീ വെബ്സൈറ്റ് കേരളത്തിൽ ആദ്യമാണ് എന്നതും ഞങ്ങൾക്ക് ആവേശം തരുന്നു.



Printed by P. Muraleedharan, published by P. Muraleedharan, on behalf of Kerala Sasthra Sahithya Parishad and printed at Kamala Printers, 7/165, Oyitty Road, Calicut 673001 and published at Parishad Bhavan, Chalappuram, Calicut - 673002, Phone : 0495-2701919, e-mail:parishadvartha@gmail.com. Editor: P. Muraleedharan.